I ഇ.ബി. XII-കേരള നിയമസഭ /V-20

**പന്ത്രണ്ടാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നിയമസഭാ നടപടികൾ – സംഗ്രഹം**
**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2007 ജൂലായ് 23, തിങ്കൾ

നിയമസഭ രാവിലെ 8.30- ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തിരപ്രമേയം

**സംസ്ഥാനത്ത് ഭരണഘടനാ പ്രതിസന്ധിയും വിശ്വാസത്തകർച്ചയും ഉണ്ടെന്ന സുപ്രീംകോടതിയുടെ പരാമർശം**

**മി. സ്പീക്കർ**: 2007 ജൂലായ് 20-ന് സുപ്രീം കോടതി സർക്കാരിനെതിരായി നടത്തിയ പരാമർശംമൂലമുളവായിട്ടുള്ള സ്ഥിതി വിശേഷം സഭാനടപടികൾ നിർത്തിവെച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് പ്രൊഫ. കെ.വി തോമസ്, സർവ്വശ്രീ സി.ടി. അഹമ്മദ് അലി, ജോസഫ് എം. പുതുശ്ശേരി, കെ.ബി ഗണേഷ് കുമാർ, കെ.കെ. ഷാജു എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

**ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ)** : 23-6-2007-ന് നടത്തിയ എം.ബി.ബി.എസ്. എൻട്രൻസ് പരീക്ഷയ്ക്ക് പോലീസ് സംരക്ഷണം ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിൽ കേരള പ്രൈവറ്റ് കോളേജ് മാനേജുമെന്റ്

അസോസ്സിയേഷൻ ഒരു ഒ.പി. ഫയൽ ചെയ്തിരുന്നു. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതി പരീക്ഷാ നടത്തിപ്പിനുള്ള പോലീസ് സംരക്ഷണം നിരസിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും അവിടെ എന്തെങ്കിലും ക്രമസമാധാന പ്രശ്നമുണ്ടായാൽ അതിൽ പോലീസിനിടപെടാമെന്ന് പറയുകയും ചെയ്തിരുന്നു. അതിന്റെയടിസ്ഥാനത്തിൽ ടോക്ക് എച്ച് ഹൈസ്ക്കൂളിന് വടക്കുവശം ഏകദേശം 50 മീറ്റർ മാറി തൃക്കാക്കര പോലീസ് അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ വൻ പോലീസ് സന്നാഹത്തെ ഒരുക്കിനിർത്തിയിരുന്നു. എന്നാൽ സമരത്തിനെത്തിയവർ പ്രകടനമായി വരാതെ പരീക്ഷയെഴുതാൻ വന്നവരോടൊപ്പവും രക്ഷിതാക്കളോടൊപ്പവും സ്കൂൾ കോമ്പൗണ്ടിലേയ്ക്ക് കടക്കുകയാണുണ്ടായത്. അതേത്തുടർന്ന് സ്വാശ്രയ മാനേജുമെന്റുകൾ പ്ളസ് ടു മാർക്കിന്റെ അടിസ്ഥാനത്തിൽ പ്രവേശനം നടത്തുന്നതിനുള്ള അനുമതിക്കായി സുപ്രീം കോടതിയെ സമീപിക്കുകയും ഈ ആവശ്യം സുപ്രീം കോടതി നിരസിക്കുകയും ചെയ്തു. പ്രവേശന പരീക്ഷ നടത്തുന്നതിന് കേന്ദ്ര സുരക്ഷാ ഏജൻസിയുടെ സംരക്ഷണം നൽകണമെന്നുള്ള രണ്ടാമത്തെ ആവശ്യത്തിൽ കേന്ദ്ര ഗവൺമെന്റിനെ കേസിൽ കക്ഷിചേർക്കുന്നതിന് അപേക്ഷ നൽകാൻ ഹർജിക്കാരോട് നിർദ്ദേശിക്കുകയാണ് ബഹുമാനപ്പെട്ട സുപ്രീം കോടതി ചെയ്തത്. കേസ് പരിഗണനയ്ക്കായി ഇന്നത്തേയ്ക്ക് വച്ചിരിക്കുകയാണ്. സംസ്ഥാനത്ത് ഭരണഘടനാ പ്രതിസന്ധിയും ഭരണഘടനാ തകർച്ചയുമുണ്ടായിട്ടുണ്ടെന്ന് സുപ്രീം കോടതി അഭിപ്രായപ്പെട്ടിട്ടില്ല. മാനേജുമെന്റ് ഭാഗം വക്കീലിന്റെ വാദം കേട്ടശേഷം കേന്ദ്ര സർക്കാരിനെക്കൂടി കക്ഷി ചേർക്കാൻ വേണ്ടി

കേസ് ഇന്നത്തേയ്ക്ക് മാറ്റിവയ്ക്കുകയാണുണ്ടായത്. മാനേജുമെന്റ് ഉന്നയിച്ച തെറ്റായ വാദഗതികൾ ഖണ്ഡിക്കാൻ സർക്കാർ അഭിഭാഷകൻ എണീറ്റപ്പോൾ പിന്നീട് കേൾക്കാമെന്ന് പറഞ്ഞുകൊണ്ട് കേസ് മാറ്റിവയ്ക്കുകയാണുണ്ടായത്. ഇതുസംബന്ധിച്ചുള്ള വാദം സുപ്രീം കോടതിയിൽ ഇന്നാണ് നടക്കുന്നത്. കോടതിയുടെ പരിഗണനയിലിരിക്കുന്ന ഒരു കാര്യത്തെ സംബന്ധിച്ച് ഏതെങ്കിലും നിഗമനത്തിലെത്തുന്നതും അതിൻമേൽ അഭിപ്രായപ്രകടനം നടത്തുന്നതും ശരിയല്ല.

**<u>പ്രൊഫ. കെ.വി. തോമസ്</u>:** ഇവിടെ കോൺസ്റ്റിറ്റ്യൂഷണൽ വയലൻസും കോൺസ്റ്റിറ്റ്യൂഷണൽ കൊളാപ്സും ഉണ്ടായിരിക്കുന്നു. ഭരണഘടനയ്ക്കുള്ളിൽ നിന്നുകൊണ്ട് എല്ലാപേരോടും നീതി ചെയ്യുമെന്ന് പറഞ്ഞ് അധികാരത്തിൽ വന്ന ഒരു ഗവൺമെന്റാണിത്. സുപ്രീം കോടതിയിൽ ഈ കേസ് വാദിച്ചുകൊണ്ടിരുന്ന സന്ദർഭത്തിൽ ജഡ്ജിമാർ നടത്തിയ ഒബ്സർവേഷൻസ് വളരെ പ്രധാനപ്പെട്ടതാണ്. ജൂൺ 23-ന് പരീക്ഷ നടത്താൻ ശ്രമിച്ചപ്പോൾ ഭരണകക്ഷിയിലെ പോഷക സംഘടനകൾ അക്രമം അഴിച്ചുവിട്ടുവെന്നും അതിനാൽ കേന്ദ്ര ഏജൻസികളുടെ സംരക്ഷണത്തിൽ പരീക്ഷ നടത്താൻ അനുവദിക്കണമെന്നുമാണ് മാനേജുമെന്റ് അസോസിയേഷൻ അഭ്യർത്ഥിച്ചത്. അപേക്ഷ തിങ്കളാഴ്ച പരിഗണിക്കാൻ മാറ്റിവച്ചു. പരീക്ഷ നടത്താനുള്ള അവകാശം മാനേജുമെന്റിനുണ്ട്. ആ അവകാശം സംരക്ഷിക്കാനുള്ള അധികാരം സർക്കാരിനാണ്. സർക്കാർ സത്യപ്രതിജ്ഞാലംഘനം നടത്തിയിരിക്കുന്നു. സംസ്ഥാന ഗവൺമെന്റിൽ വിശ്വാസമില്ലാത്തതുകൊണ്ടാണ് കേന്ദ്ര ഏജൻസിക്ക് വിടാനുള്ള അപേക്ഷ കൊടുക്കാൻ പറഞ്ഞിരിക്കുന്നത്. ഈ ഗവൺമെന്റിന് അധികാരത്തിൽ

തുടരാനുള്ള അവകാശമില്ല. ഇത് ചെറിയ ഒരു കാര്യമല്ല. അതുകൊണ്ട് സഭാനടപടികൾ നിർത്തിവെച്ച് ഇക്കാര്യം ചർച്ച ചെയ്യണം.

**ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ):** സർക്കാർ യാതൊരുവിധ ഭരണഘടനാ ലംഘനവും നടത്തിയിട്ടില്ല. ഭരണഘടനയിൽ വിശ്വാസമർപ്പിച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് പ്രവർത്തിക്കുന്നത്. ഭരണഘടനയുടെ ചട്ടക്കൂടിനകത്തു നിന്നുകൊണ്ട് നിയമാനുസൃതമായി പാലിക്കേണ്ട എല്ലാ നടപടിക്രമങ്ങളും സ്വീകരിക്കും. സംരക്ഷണം കൊടുക്കേണ്ട ആളുകൾക്ക് സംരക്ഷണം കൊടുക്കുകയും നിയമവാഴ്ചയ്ക്കകത്തുനിന്നുകൊണ്ടുള്ള നടപടികൾ സ്വീകരിക്കുകയുമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. കോടതിയിൽ ആദ്യം മാനേജുമെന്റിന്റെ വാദമായിരുന്നു കേട്ടത്. ആ സമയത്ത് സർക്കാരിനെ സംബന്ധിച്ചുവന്ന വിമർശനങ്ങളിന്മേൽ വാദം നടത്തുന്നതിനായി ഗവൺമെന്റ് അഭിഭാഷകൻ എണീറ്റപ്പോൾ പിന്നീട് കേൾക്കാമെന്ന് പറഞ്ഞ് മാറ്റുകയാണ് ചെയ്തത്. അതുകൊണ്ടാണ് ഇതുസംബന്ധിച്ച് മറ്റ് വാദങ്ങൾ നടക്കാതെ പോയത്. പരീക്ഷ നടത്തിപ്പിന്റെ നിയമസാധുത സംബന്ധിച്ച് കോടതിക്കുതന്നെ സംശയമുണ്ടായതുകൊണ്ടാണ് കോടതി ഇത്തരത്തിലുള്ള ഒരു നിലപാട് സ്വീകരിച്ചത്. ലാ ആന്റ് ഓർഡർ കാത്തുസൂക്ഷിക്കാനുള്ള ബാദ്ധ്യത ഗവൺമെന്റിനുണ്ട്. ആ ദിവസംതന്നെ മാനേജുമെന്റ് അസോസിയേഷൻ ബി.ഫാം അഡ്മിഷനുള്ള പരീക്ഷ തേവര കോളേജിൽ നടത്തിയിരുന്നു. അവിടെ പൂർണ്ണമായ പോലീസ് സംരക്ഷണം കൊടുത്തിരുന്നു. ഇത്തരത്തിലുള്ള പരീക്ഷ നടത്തുന്നത് തടയുകയെന്നുള്ളത് ഗവൺമെന്റിന്റെ നയമല്ല. ഹവാല കേസ് കൈകാര്യം ചെയ്തത് സംബന്ധിച്ച് കൊണ്ടോട്ടി പോലീസിന്റെ ഭാഗത്ത് വീഴ്ച വന്നിട്ടുണ്ടെന്ന് മനസ്സിലായി.

അതിന്റെ അടിസ്ഥാനത്തിൽ .കൊണ്ടോട്ടി പോലീസ് സ്റ്റേഷനിലെ സി.ഐ.യേയും എസ്.ഐ.-യേയും സ്പെഷ്യൽ ബ്രാഞ്ച് എ.എസ്.ഐ-യേയും സസ്പെന്റ് ചെയ്തിട്ടുണ്ട്. ഈ കേസിന്റെ തുടർ അന്വേഷണം നടത്തുന്നതിന് മലപ്പുറം എസ്.പി. ശ്രീ. വിജയൻ, ഐ.പി.എസ്.-ന്റെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ ടീമിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഹവാലയുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ നാളെ നിയമസഭയിൽ അറിയിക്കുന്നതായിരിക്കും. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചതിൽ പ്രതി ഷേധിച്ച് സർവ്വശ്രീ ഉമ്മൻ ചാണ്ടി, സി.എഫ്. തോമസ്, സി.ടി.അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കന്മാർ പ്രസ്താവനകൾ നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭവിട്ടു പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം വീണ്ടും സഭയിൽ ഹാജരാകുകയും ചെയ്തു.)

## ശ്രദ്ധ ക്ഷണിക്കൽ

### (1) <u>പരീക്ഷാഭവനിലെ പ്രവർത്തനങ്ങൾ</u>

**<u>ശ്രീ. ജോസ് തെറ്റയിൽ:</u>** പരീക്ഷാഭവനിലെ ഉദ്യോഗസ്ഥരുടെ ഇടയിൽ നിലനിൽക്കുന്ന കെടുകാര്യസ്ഥതമൂലം ഉളവായിട്ടുള്ള അതീവ ഗുരുതരമായ അവസ്ഥ സംബന്ധിച്ചാണ് സഭയുടെ ശ്രദ്ധക്ഷണിക്കുന്നത്. എസ്.എസ്. എൽ.സി.ബുക്കിലെ തിരുത്തലുകൾ വരുത്താനുള്ള അപേക്ഷ നേരിട്ട് സ്വീക രിക്കുന്നതിനു പകരം തപാൽപെട്ടിയിൽ നിക്ഷേപിക്കാനാണ് പരീക്ഷാഭ

വനിൽനിന്ന് ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്നത്. അപേക്ഷയോടൊപ്പം ഒറിജിനൽ സർട്ടിഫിക്കറ്റാണ് സമർപ്പിക്കേണ്ടത്. ഇങ്ങനെ സമർപ്പിക്കുന്ന അപേക്ഷകൾക്ക് യാതൊരു റെക്കോർഡും പരീക്ഷാഭവനിൽനിന്നും നൽകുന്നില്ല, ഈ സർട്ടിഫിക്കറ്റുകൾ എന്നത്തേയ്ക്ക് തിരിച്ചുനൽകുമെന്ന് കൃത്യമായി പറയുന്നുമില്ല. അപേക്ഷയെപ്പറ്റി അന്വേഷിക്കുന്നതിന് യാതൊരു റഫറൻസും ലഭിക്കുന്നില്ല. അന്വേഷിച്ചുചെന്നാൽ കൃത്യമായി മറുപടി ലഭിക്കുന്നതിന് ഉദ്യോഗസ്ഥർ സീറ്റുകളിൽ ഉണ്ടാകാറില്ല; ഫോൺ എടുക്കാറുമില്ല. പലപ്പോഴും അപേക്ഷകൾ കാണാതാകുന്ന സംഭവങ്ങൾപോലും ഉണ്ടായിട്ടുണ്ട്. അനധികൃത ഏജന്റുമാർ ഇതിനുപിന്നിൽ പ്രവർത്തിക്കുന്നുണ്ടെന്നാണ് പറയപ്പെടുന്നത്. ആയിരക്കണക്കിന് അപേക്ഷകൾ ഇപ്പോൾ പെന്റിംഗിലാണ്. സമർപ്പിക്കുന്ന അപേക്ഷകൾക്ക് കൃത്യമായി രസീതുനൽകുന്നതിനും നിശ്ചിത സമയത്തിനുള്ളിൽ സർട്ടിഫിക്കറ്റ് മടക്കി നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

**വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ)**: എസ്.എസ്.എൽ.സി. ബുക്കിലെ ജനനത്തീയതി, ജാതി, മതം, പേര്, മേൽവിലാസം തുടങ്ങിയവ തിരുത്തുന്നതിനായി ആയിരക്കണക്കിന് അപേക്ഷകളാണ് പരീക്ഷാഭവനിൽ ലഭിക്കുന്നത്. ജനനത്തീയതി ഒഴികെയുള്ള തിരുത്തലുകൾക്ക് സാധുവായ അനുബന്ധ രേഖകൾക്കൊപ്പമാണ് അപേക്ഷ സമർപ്പിക്കുന്നതെങ്കിൽ നടപടി പൂർത്തിയാക്കി കാലതാമസം കൂടാതെ ഉത്തരവ് പുറപ്പെടുവിക്കുന്നതിനാൽ ഇതു സംബന്ധിച്ചുള്ള പരാതികൾ കുറവാണ്. ജനനത്തീയതി തിരുത്തുന്നതിനുള്ള അപേക്ഷകളുടെ എണ്ണത്തിലെ ക്രമാതീതമായ വർദ്ധനവുമൂലം

യഥാസമയം തീർപ്പുകൽപ്പിക്കുന്നതിന് കഴിയുന്നില്ല. യൂറോപ്യൻ രാജ്യങ്ങൾ, യു.എസ്.എ., കാനഡ എന്നിവിടങ്ങളിൽ വിസ നിയമം കർശനമാക്കിയ തുമൂലം പലരും തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകിയ ജനന സർട്ടിഫിക്കറ്റ നുസരിച്ച് സ്കൂൾ റെക്കോർഡ്സിൽ തിരുത്തലുകൾ വരുത്തുന്നതിനുവേണ്ടി അപേക്ഷിക്കാറുണ്ട്. പാസ്പോർട്ട് ലഭിക്കുന്നതിനും ജനനത്തീയതി തിരുത്തേ ണ്ടതായിട്ടുണ്ട്. സ്കൂളിൽ ചേർക്കുന്ന കുട്ടികളുടെ ജനനത്തീയതിയും യഥാർത്ഥ സർട്ടിഫിക്കറ്റിലെ ജനനത്തീയതിയും വ്യത്യസ്തമാകാറുണ്ട്. ഇതും അപേക്ഷകരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് കാരണമാകുന്നുണ്ട്. 2006-ൽ 2500 ലധികം അപേക്ഷകളും 2007 ജൂൺ മാസംവരെ 1500-ലധികം അപേക്ഷകളും ലഭിച്ചിട്ടുണ്ട്. കൂടുതലും എറണാകുളം, കോട്ടയം, ഇടുക്കി, പത്തനംതിട്ട ജില്ലകളിൽനിന്നുള്ളവയാണ്. പരീക്ഷാഭവനിൽ സ്ഥാപിച്ചിരി ക്കുന്ന തപാൽപ്പെട്ടിയിലാണ് അപേക്ഷകൾ നിക്ഷേപിക്കേണ്ടത്. അപേക്ഷ ലഭിക്കുന്ന സീനിയോറിറ്റി ക്രമത്തിലാണ് അവയുടെ തീർപ്പുകൽപ്പിക്കുന്നത്. പരീക്ഷ ജയിച്ച് നിശ്ചിതകാലത്തിനുശേഷം അപേക്ഷിക്കുന്നവരുടെ കാര്യ ത്തിൽ ഗവൺമെന്റിന്റെ അനുവാദത്തോടുകൂടി മാത്രമേ ജനനത്തീയതി തിരു ത്താൻ സാധിക്കുകയുള്ളൂ. ടിന്റുപോൾ എന്ന അപേക്ഷകന്റെ ടാബുലേ ഷൻ രജിസ്റ്റർ കണ്ടുപിടിക്കുന്നതിൽ വന്ന കാലതാമസമാണ് സർട്ടിഫിക്കറ്റ് മടക്കിക്കൊടുക്കാൻ താമസിച്ചത്. നിലവിലുള്ള അപേക്ഷകളിൽ തീർപ്പു കൽപ്പിക്കുന്നതിന് കൂടുതൽ ജീവനക്കാരെ നിയമിച്ച് 2007 സെപ്റ്റംബർ മാസ ത്തിൽത്തന്നെ ഒരു തീവ്രയത്ന പരിപാടി സംഘടിപ്പിക്കുകയും സാധുവായ അപേക്ഷകളിന്മേൽ 2 മാസത്തിനുള്ളിൽ ഉത്തരവ് നൽകുകയും അത്യാവശ്യ ക്കാർക്ക് സാധുവായ അപേക്ഷ ലഭിച്ച് 15 ദിവസത്തിനകം ഉത്തരവ് നൽകു ന്നതിന് ഉയർന്ന ഫീസ് ഈടാക്കി ഒരു ഫാസ്റ്റ് ട്രാക്ക് സംവിധാനം ഏർപ്പെ

ടുത്തുകയും സമഗ്രമായ കമ്പ്യൂട്ടർവൽക്കരണം വഴി നടപടികൾ വേഗത്തിലാക്കുകയും ചെയ്യുന്നതാണ്. അപേക്ഷകൾക്ക് രസീത് നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

## (2) ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണി

ശ്രീ. ബി. ബാബു പ്രസാദ്: കാലവർഷക്കെടുതിയിൽ സംസ്ഥാനത്തെ മിക്കവാറും ഗ്രാമീണറോഡുകൾ തകർന്നിരിക്കുകയാണ്. റോഡുകളുടെ ശോച്യാവസ്ഥമൂലം ക്യാമ്പുകളിൽ കഴിയുന്നവർക്ക് വീടുകളിൽ തിരിച്ചുപോകാൻ കഴിയുന്നില്ല. റോഡുകൾ എല്ലാവർഷവും മെയിന്റനൻസ് നടത്തി സംരക്ഷിക്കാനുള്ള സമഗ്രമായ, ഐക്യരൂപത്തിലുള്ള ഒരു സംവിധാനം കേരളത്തിലില്ല. ഓടകൾ ഉൾപ്പെടെ ജലനിർഗ്ഗമന മാർഗ്ഗങ്ങൾ അടഞ്ഞുപോകുന്ന വിധത്തിലുള്ള അശാസ്ത്രീയമായ നിർമ്മാണ പ്രവർത്തനങ്ങളും നെൽവയൽ നികത്തലുംമൂലം വെള്ളം വാർന്നുപോകാൻ കഴിയാത്തതുകൊണ്ടാണ് റോഡുകൾ ഇത്ര പെട്ടെന്ന് കേടാകുന്നത്. തീരദേശ ജില്ലകളിലാണ് റോഡുകളുടെ ശോച്യാവസ്ഥ കൂടുതൽ രൂക്ഷമായിരിക്കുന്നത്. നെൽവയൽ നികത്തലിനെതിരെ നിയമങ്ങൾ നിലവിലുണ്ടെങ്കിലും അവയൊന്നും വകവയ്ക്കാതെയുള്ള പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് നടക്കുന്നത്. ഇത്തരം അശാസ്ത്രീയമായ നിർമ്മാണ പ്രവർത്തനങ്ങൾ തടയുന്നതിനും മറ്റുമായി നിയമം കൊണ്ടുവരണം. കുടിശ്ശിക നൽകാത്തതുകൊണ്ട് കരാറുകാർ ഗ്രാമീണ റോഡുകളുടെ പണി ഏറ്റെടുക്കാൻ വിസമ്മതിക്കുന്നു. 2006-ൽ കാലവർഷക്കെടുതിക്കനുവദിച്ച തുക വിനിയോഗിച്ച് നടത്തേണ്ട പ്രവൃത്തികൾ പൂർത്തിയാക്കുന്നതോടൊപ്പം ഈ വർഷത്തെ വെള്ളപ്പൊക്കത്തിൽ തകർന്ന ഗ്രാമീണ റോഡുകൾക്കായി 50 ലക്ഷം

രൂപയെങ്കിലും അനുവദിക്കണം. റോഡുകൾക്ക് ഇരുവശവും നികത്തി നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയവരെക്കൊണ്ട് സ്വന്തം ചെലവിൽ ജലനിർഗ്ഗമന മാർഗ്ഗങ്ങൾ നിർമ്മിക്കണമെന്ന് നിഷ്ക്കർഷിക്കുന്ന നിയമം ഉണ്ടാകണം. റോഡ് നിർമ്മാണപ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യാനും അഴിമതി നടക്കുന്നില്ലെന്ന് ഉറപ്പുവരുത്താനുമുള്ള സംവിധാനം ഉണ്ടാക്കണം.

**റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ):</u>** ഇതിനകംതന്നെ എല്ലാ ജില്ലകളിലും യോഗങ്ങൾ ചേർന്ന് കാലവർഷക്കെടുതിമൂലമുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തിക്കഴിഞ്ഞിട്ടുണ്ടെങ്കിലും . കൃത്യമായ നഷ്ടം കണക്കാക്കാൻ ഇപ്പോഴും സാധിച്ചിട്ടില്ല. ഭീമമായ നഷ്ടമുണ്ടായതായാണ് റിപ്പോർട്ടുകളിൽ നിന്നും മനസ്സിലാകുന്നത്. ഇപ്പോഴുണ്ടായ കാലവർഷക്കെടുതിയിൽ നിരവധി ഗ്രാമീണ റോഡുകളും പി.ഡബ്ളിയു.ഡി. റോഡുകളും തകർന്നു. ഗ്രാമീണ റോഡുകളുടെ പണികൾ അതാത് ഗ്രാമപഞ്ചായത്താണ് ചെയ്യുന്നത്. വളരെ ചെറിയ സംഖ്യ മാത്രമാണ് ഗ്രാമീണ റോഡുകൾക്കായി പഞ്ചായത്തുകൾ നീക്കിവയ്ക്കുന്നത്. ഈ സാഹചര്യത്തിൽ എന്തുചെയ്യാൻ കഴിയുമെന്നതിനെക്കുറിച്ച് കൂട്ടായി ചർച്ച ചെയ്ത് തീരുമാനിക്കുകയാണ് വേണ്ടത്. ഈ വർഷത്തെ സി.ആർ.എഫ്. 93 കോടി രൂപയാണ്. ഇതിൽ 75% കേന്ദ്ര ഗവൺമെന്റ് വിഹിതവും 25% സംസ്ഥാന ഗവൺമെന്റ് വിഹിതവുമാണ്. കേന്ദ്രവിഹിതത്തിന്റെ ഒന്നാംഗഡുവായി 35 കോടി 35 ലക്ഷം രൂപ ജൂണിൽ ലഭിച്ചു. രണ്ടാംഗഡു നവംബറിലോ ഡിസംബറിലോ ലഭിക്കും. സംസ്ഥാന വിഹിതം ചെലവഴിക്കാൻ ബഡ്ജറ്റിലൂടെ ഫിനാൻസ് ഡിപ്പാർട്ടുമെന്റ് അനുവാദവും നൽകിയിരുന്നു. ഏപ്രിൽ ഒന്നുമുതൽ ഇന്നുവരെയുള്ള കണക്കനുസരിച്ച് 90 കോടി രൂപ ചെലവഴിച്ചു കഴിഞ്ഞു. സൗജന്യ റേഷൻ

അനുവദിച്ച വകയിലുള്ള ബിൽ ലഭ്യമായതിനുശേഷം മാത്രമേ ആകെ എത്ര തുക വേണ്ടിവരുമെന്നറിയാൻ സാധിക്കൂ. ഏതാണ്ട് 2.5 ലക്ഷത്തോളം കുടുംബങ്ങൾ ഇപ്പോഴും ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുകയാണ്. കേന്ദ്രത്തിൽ നിന്ന് അടിയന്തിരമായി ധനസഹായം ആവശ്യപ്പെട്ടപ്പോൾ കേന്ദ്രവിഹിതത്തിന്റെ രണ്ടാംഗഡു അഡ്വാൻസായി തരാമെന്നാണ് മറുപടി തന്നിരിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഗ്രാമീണറോഡുകൾ പണിതതിന് കരാരുകാർക്ക് കൊടുക്കാനുണ്ടായിരുന്ന ഭീമമായ കുടിശ്ശികയിൽ 42 കോടി രൂപ ഈ ഗവൺമെന്റ് കൊടുത്തു തീർത്തുവെങ്കിലും 93 കോടി രൂപയുടെ കുടിശ്ശിക ഇപ്പോഴും നിലനിൽക്കുന്നുണ്ട്. വിവിധ ജില്ലകൾക്കായി 15 കോടി രൂപ ഇപ്പോൾ അനുവദിച്ചുവെങ്കിലും അത് തീരെ അപര്യാപ്തമാണ്. കേന്ദ്രഗവൺമെന്റിൽ നിന്ന് അടിയന്തിരമായി 250 കോടി രൂപയുടെ ധനസഹായം ലഭിക്കുന്നതിനുള്ള നടപടിയാണ് വേണ്ടത്. അതിന് എല്ലാ ഭാഗത്തുനിന്നുമുള്ള പരിശ്രമമുണ്ടാകണം. കേന്ദ്രസംഘം സംസ്ഥാനത്ത് വരുമെന്ന് അറിയിച്ചിട്ടുണ്ട്. . ജലനിർഗ്ഗമനമാർഗ്ഗങ്ങൾ തടസ്സപ്പെടുത്തുന്നതു തടയുന്നതുമായി ബന്ധപ്പെട്ട ഒരു ബില്ലിന്റെ കരട് തയ്യാറായിട്ടുണ്ട്. അടുത്ത സഭാസമ്മേളനത്തിൽ കൊണ്ടുവരാൻ സാധിക്കും.

## സബ്മിഷൻ

### (1) <u>ന്യൂനപക്ഷ വിഭാഗങ്ങൾക്കായി പ്രത്യേക ഡിപ്പാർട്ടുമെന്റ്</u>

**<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>**: സാമൂഹ്യസുരക്ഷിതത്വ പദ്ധതികൾ ആവിഷ്ക്കരിക്കാനും ന്യൂനപക്ഷ വിഭാഗത്തിന് അനുവദിച്ചിട്ടുള്ള കേന്ദ്രസഹായം കൃത്യമായി ലഭ്യമാക്കാനും ഉതകത്തക്കരീതിയിൽ പിന്നോക്ക

ന്യൂനപക്ഷങ്ങൾക്കുമാത്രമായി ഒരു പ്രത്യേക വകുപ്പുണ്ടാക്കണം. 1999-ൽ ഈ വിഭാഗത്തിന് ഒരു പ്രത്യേക വകുപ്പ് രൂപീകരിക്കുന്ന കാര്യത്തെപ്പറ്റി പഠിക്കാൻ സ്പെഷ്യൽ ഓഫീസറായി നിയോഗിച്ചിരുന്ന ശ്രീ. അയ്യപ്പൻ ഐ.എ.എസ്. റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. സച്ചാർ കമ്മിറ്റി റിപ്പോർട്ട് അംഗീകരിക്കുകയും അത് നടപ്പിലാക്കാൻ സർക്കാർ തയ്യാറാകുകയും ചെയ്ത സാഹചര്യത്തിൽ ഒരു പ്രത്യേക വകുപ്പ് അനിവാര്യമാണ്.

**മുഖ്യമന്ത്രി** <u>**(ശ്രീ. വി.എസ്. അച്ചുതാനന്ദൻ):**</u> സംസ്ഥാനത്തെ ന്യൂനപക്ഷ പിന്നോക്കവിഭാഗങ്ങളുടെ ഉന്നമനത്തിനും ക്ഷേമത്തിനുമായി ഒരു പ്രത്യേക വകുപ്പ് രൂപീകരിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. 1999-ലെ സർക്കാർ തീരുമാനപ്രകാരം ഈ വിഭാഗങ്ങൾക്കായി ഒരു പ്രത്യേക വകുപ്പിന്റെ ഘടനയും മറ്റും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ആസൂത്രണ-സാമ്പത്തിക വകുപ്പ് ജോയിന്റ് സെക്രട്ടറിയായിരുന്ന ശ്രീ. അയ്യപ്പനെ ചുമതലപ്പെടുത്തുകയും അദ്ദേഹത്തിന്റെ റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിക്കുകയും ചെയ്തുവെങ്കിലും ഈ വിഭാഗത്തിനായി പ്രത്യേക വകുപ്പ് രൂപീകരിക്കണം എന്നതിനോട് ധനകാര്യ വകുപ്പ് വിയോജിപ്പ് പ്രകടിപ്പിച്ചിരുന്നു. . പിന്നോക്ക വിഭാഗങ്ങളുടെ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഡയറക്ടറേറ്റ് തലത്തിൽ പട്ടികജാതി വികസന വകുപ്പും സെക്രട്ടേറിയറ്റ് തലത്തിൽ പട്ടികജാതി/ പട്ടിക വർഗ്ഗ വികസനക്ഷേമ വകുപ്പും പ്രവർത്തിക്കുന്നുണ്ട്.

(2) <u>**മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ്**</u>

<u>**ശ്രീ. റോഷി അഗസ്റ്റിൻ**</u> : മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് ഉയർന്നു കൊണ്ടിരിക്കുന്നത് ജനങ്ങളിൽ ആശങ്കയും ഭീതിയും ഉളവാക്കിയിരിക്കുകയാണ്. ഈ വിഷയം പലപ്രാവശ്യം ചർച്ച ചെയ്തിട്ടുണ്ടെങ്കിലും

ശാശ്വതമായി പരിഹരിക്കാനുള്ള മാർഗ്ഗം ഇതുവരെയും ഉണ്ടായിട്ടില്ല. മധ്യകേരളത്തിൽ മുല്ലപ്പെരിയാർ അണക്കെട്ട് സ്ഥിതിചെയ്യുന്ന പ്രദേശമുൾപ്പെടെ കുമിളി മുതൽ തൃശൂർ വരെ ഭൂമിയുടെ ഭ്രംശപാളികളിൽ വിള്ളലുള്ളതായി ഉരുൾപൊട്ടലിനെക്കുറിച്ച് ഗവേഷണം നടത്താൻ കേരളത്തിലെത്തിയ യു.എൻ. സംഘം കണ്ടെത്തിയിരിക്കുകയാണ്.ഈ പ്രദേശത്ത് ഭൂകമ്പം, മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ എന്നിവയ്ക്ക് സാധ്യതകൾ ഏറെയാണെന്ന വാർത്ത വന്നതോടുകൂടി ജനങ്ങൾ ഭീഷണിയിലും ഭീതിയിലുമാണ്. ഈ ഘട്ടത്തിൽ അവിടെയുള്ള ജനങ്ങളുടെ ആശങ്ക ദൂരീകരിക്കേണ്ടതുണ്ട്. നിലവിലുള്ള ഡാമിന്റെ 1300 അടി താഴെയായി പുതിയൊരു ഡാം ഫീസിബിളാണെന്ന് കേന്ദ്ര വാട്ടർ കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്. അവിടെ ഡാം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ജലനിരപ്പ് ഇപ്പോൾ 135 അടിയായിക്കഴിഞ്ഞിരിക്കുന്നു. പദ്ധതി പ്രദേശത്ത് മഴ തുടരുകയാണ്. തമിഴ്നാട് ഈ ഘട്ടത്തിൽപ്പോലും വെള്ളം ഒഴുക്കിക്കൊണ്ടുപോകാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് തീരദേശവാസികൾ മുല്ലപ്പെരിയാർ സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ ഇന്ന് നിയമസഭാ മാർച്ച് നടത്തുകയാണ്. ഈ പ്രശ്നം സംബന്ധിച്ച കേസ് ചൊവ്വാഴ്ച സുപ്രീം കോടതിയുടെ പരിഗണനയ്ക്ക് വരികയാണ്. 35 ലക്ഷത്തിൽപ്പരം ജനങ്ങളുടെ ജീവനും സ്വത്തിനും നേരെ ഉണ്ടായിട്ടുള്ള ഭീതിയും ഭീഷണിയും അകറ്റാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

**<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>** : ഈ വിഷയത്തെ വളരെ ഗൗരവമായി കാണണം. ജലനിരപ്പ് 136 അടി കഴിഞ്ഞു. സ്ലൂയിസ് വാൽവുൾപ്പെടെയുള്ള കാര്യങ്ങളെ സംബന്ധിച്ച് ഗൗരവമായി ആലോചിക്കണം. അവിടത്തെ ആളുകളുടെ ജീവനും സ്വത്തിനും സുരക്ഷിതത്വം ഉറപ്പ് വരുത്തു

ന്നതിനുവേണ്ടി കനാൽ ഉൾപ്പെടെയുള്ള നടപടികളെ സംബന്ധിച്ച് ആലോചിക്കണം.

**ശ്രീ. കെ. കെ. ജയചന്ദ്രൻ** : ജനങ്ങൾ അവിടെ ഭീതിയോടുകൂടിയാണ് കഴിയുന്നത്. ഇത് സംബന്ധിച്ച് മുഖ്യമന്ത്രികൂടി നിലപാട് വ്യക്തമാക്കണം.

**ശ്രീ. പി. ജെ. ജോസഫ്** : ഈ ഡാം സുരക്ഷിതമല്ലെന്ന് സെൻട്രൽ വാട്ടർ കമ്മീഷൻ 1979-ൽ പറഞ്ഞതാണ്. പുതിയ ഡാം നിർമ്മിക്കുന്നതിന് സ്ഥലവും നിശ്ചയിച്ചതാണ്. അവിടെ ഡാം പണിയാൻ നടപടി സ്വീകരിക്കണം.

(ഇത് സംബന്ധിച്ച് ശ്രീ. എസ്. രാജേന്ദ്രനും നോട്ടീസ് നൽകിയിട്ടുണ്ട്).

**ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ)** ഇപ്പോൾ ഉയർന്നുവന്നിട്ടുള്ള പ്രധാനപ്പെട്ട ആശങ്ക ജലനിരപ്പ് 135 അടിയിൽ കവിഞ്ഞിരിക്കുന്നു എന്നതാണ്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ രണ്ട് അവലോകന യോഗങ്ങൾ ചേർന്ന് ഡിസാസ്റ്റർ മാനേജ്മെന്റുമായി ബന്ധപ്പെട്ടിട്ടുള്ള സമഗ്രമായ ആക്ഷൻ പ്ളാൻ തയ്യാറാക്കി ഏത് തരത്തിലുള്ള സാഹചര്യത്തേയും നേരിടാനുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. പ്രത്യേക ടീമിനെത്തന്നെ കുമിളിയിൽ നിയോഗിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ ഏകോപിതമായ പ്രവർത്തനത്തിലൂടെ മുല്ലപ്പെരിയാറിൽ ഉയർന്നുവരുന്ന ഏത് തരത്തിലുള്ള സാഹചര്യവും നേരിടാനുള്ള ഡിസാസ്റ്റർ മാനേജ്മേന്റ് പ്ളാൻ സംസ്ഥാന ഗവൺമെന്റ് ഉണ്ടാക്കിയിട്ടുണ്ട്. നിലവിലുള്ള ഡാമിന് 1300 അടി താഴെയായി ഒരു പുതിയ ഡാം നിർമ്മിക്കണമെന്ന ആവശ്യത്തിൽനിന്നും ഗവൺമെന്റ് പിന്നോട്ടുപോയിട്ടില്ല. നാളെ സുപ്രീം കോടതിയിൽ ഈ കേസ് വാദം കേൾക്കാനിരിക്കുകയാണ്. സുപ്രീം കോടതിയിൽ കേരള ഗവൺമെന്റ് സജസ്റ്റ് ചെയ്യാൻ പോകുന്ന പ്രധാനപ്പെട്ട ഇഷ്യൂ പുതിയ ഡാം നിർമ്മിക്കണെ

മെന്നുള്ളതുതന്നെയാണ്. 1300 അടി താഴെ പുതിയ ഡാം നിർമ്മിക്കുന്നതിനെക്കുറിച്ച് പഠിക്കുന്നതിനായി നിയോഗിച്ച പ്രത്യേക ഇൻവെസ്റ്റിഗേഷൻ ടീമിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് കേന്ദ്ര വനം-പരിസ്ഥിതി വകുപ്പുകളുടെകൂടി അനുവാദത്തോടുകൂടി പുതിയ ഡാം നിർമ്മാണവുമായിത്തന്നെ ഗവൺമെന്റ് മുന്നോട്ടുപോകുമെന്ന് ആവർത്തിച്ച് ഉറപ്പ് നൽകുകയാണ്.

**മുഖ്യമന്ത്രി** <u>**(ശ്രീ. വി. എസ്. അച്ചുതാനന്ദൻ)**</u>: ഇത് സംബന്ധിച്ച് ഗവൺമെന്റ് എടുത്തിട്ടുള്ള സമീപനം 1979-ൽ കേന്ദ്ര വാട്ടർ കമ്മീഷൻ ഇവിടെ വന്ന് സജസ്റ്റ് ചെയ്തിട്ടുള്ളത് തന്നെയാണ്. ആൾട്ടർനേറ്റീവായി ഡാം കെട്ടുകയല്ലാതെ മറ്റ് പോംവഴിയില്ല. അതിനെ തടസ്സപ്പെടുത്താനും മറ്റുമായി ഈ ഡാം സുരക്ഷിതമാണ്, 140 അടിയോ 152 അടിയോതന്നെ ഉയർന്നാലും ഒരു കുഴപ്പവുമില്ല എന്നുള്ള നമ്മുടെ അയൽ സംസ്ഥാനത്തിന്റെ വാദഗതികൾ എല്ലാവർക്കും അറിയാവുന്നതാണ്. സുപ്രീംകോടതിയുടെ ഇത് സംബന്ധിച്ചുള്ള വിധിക്കുശേഷം കേന്ദ്ര ഗവൺമെന്റിന്റെ അഭിപ്രായംകൂടി ആരാഞ്ഞ് ഇതിനുവേണ്ട നടപടി സ്വീകരിക്കുന്നതാണ്. കേന്ദ്ര ഗവൺമെന്റിനോട് സഹായം നൽകണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. ഡാമിന്റെ സുരക്ഷിതത്വത്തിൽ വിശ്വസിച്ച് മുന്നോട്ട് പോകാൻ കഴിയില്ല. ഡാം പൊട്ടിക്കഴിഞ്ഞാൽ ലക്ഷക്കണക്കിന് ആളുകൾക്ക് ജീവഹാനി സംഭവിക്കും. അതുകൊണ്ട് കേന്ദ്രത്തിന്റെ പ്രതിനിധി പറഞ്ഞ സ്ഥലത്തുതന്നെ കഴിയുന്നത്രവേഗം ഡാം കെട്ടാനുള്ള നടപടികൾ സംസ്ഥാനത്തെ ജനങ്ങളുടെ സഹായത്തോടുകൂടിയും ഖജനാവിന്റെ പരിമിതികളും വച്ചുകൊണ്ട് സ്വീകരിക്കുന്നതാണ്.

## (3) <u>തിരുവനന്തപുരം മൃഗശാല</u>

**<u>ശ്രീ. വി. ശിവൻകുട്ടി</u>** : തിരുവനന്തപുരം മൃഗശാല കഴിഞ്ഞ ഒരു മാസമായി അടിച്ചിട്ടിരിക്കുകയാണ്. ഏതാണ്ട് 30-ഓളം വരുന്ന മൃഗങ്ങൾ കുളമ്പ് രോഗം കാരണം മരിക്കുകയുണ്ടായി. താൽക്കാലികമായി ഈ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതിന് ചില നടപടികൾ സ്വീകരിച്ചു എങ്കിൽപ്പോലും സ്ഥിരമായ ചില നടപടിക്രമങ്ങൾ പൂർത്തീകരിച്ചെങ്കിൽ മാത്രമേ ഇന്നുണ്ടായിരിക്കുന്ന അപകടസ്ഥിതി തരണം ചെയ്യാൻ കഴിയുകയുള്ളൂ. മൃഗശാലയ്ക്ക് ഏതാണ്ട് 56 ഏക്കർ ഭൂമിയാണുള്ളത്. അവിടെ ഇപ്പോൾ മൃഗങ്ങളെ ചികിത്സിക്കുന്നതിനും മാറ്റിപ്പാർപ്പിക്കുന്നതിനുമുള്ള സൗകര്യങ്ങളില്ല. മൃഗശാലയിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്ക്കരിക്കാനുള്ള യാതൊരു സംവിധാനവുമില്ലാത്തതിനാലാണ് കുളമ്പ് രോഗങ്ങൾ പിടിപെടുന്നത്. അതുപോലെതന്നെ മൃഗങ്ങൾക്ക് നൽകുന്ന ആഹാര സാധനങ്ങൾ പുറത്തുനിന്നുമുള്ള ചില ഏജൻസികളാണ് വിതരണം ചെയ്യുന്നത്. അതുതന്നെ ഗവൺമെന്റിന്റെ നിർദ്ദേശങ്ങൾക്കും നിയമങ്ങൾക്കും വിരുദ്ധമായിട്ടാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇറച്ചിയും പുല്ലും മൃഗശാലയിൽ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യണമെന്നുള്ള ഒരു നിർദ്ദേശമാണ് പൊതുവിൽ വന്നിട്ടുള്ളത്. സ്ഥിരമായി സാങ്കേതിക വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കണം. ഏതാണ്ട് 55-ഓളം വരുന്ന ഒഴിവുകൾ നികത്തണം. മരിക്കുന്ന മൃഗങ്ങളെ സംസ്ക്കരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം. മൃഗങ്ങളുടെ എണ്ണക്കൂടുതൽ കാരണം തുറസ്സായ സ്ഥലത്തുതന്നെ വളർത്തേണ്ട മൃഗങ്ങൾക്ക് ആ പരിഗണന നൽകുന്നതിന് കഴിയാത്ത സ്ഥിതിവിശേഷമുണ്ട്. ജനപ്രതിനിധികളുടെ ഉന്നതതലയോഗം വിളിച്ചുചേർത്ത് ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

**വിദ്യാഭ്യാസവും സാസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ)** : തിരുവനന്തപുരം മൃഗശാലയിൽ കുളമ്പ് രോഗംമൂലം 2007 ജൂലൈ 3, 4 തീയതികളിലായി 2 മിഥുനുകളും രണ്ട് കൃഷ്ണമൃഗങ്ങളും മരണപ്പെടുകയുണ്ടായി. ശവശരീരം ജില്ലാ മൃഗ സംരക്ഷണ കേന്ദ്രത്തിലെ വിദഗ്ദ്ധസംഘം പോസ്റ്റ്മോർട്ടം നടത്തുകയും വൈറസ് രോഗബാധയായതിനാൽ മറ്റുള്ള മൃഗങ്ങൾക്ക് വരാതിരിക്കാൻ ആവശ്യമായ ശുപാർശ നൽകുകയും ചെയ്തു. അതിന്റെ ഭാഗമായി വൈറസുകൾ ബാധിച്ച രണ്ട് മൃഗങ്ങളെ ദയാവധത്തിന് വിധേയമാക്കുകയും മൃഗശാല 8.7.2007 മുതൽ അടച്ചിടുകയും മൃഗശാലയിലെ എല്ലാ ഭാഗങ്ങളും യുദ്ധകാലാടിസ്ഥാനത്തിൽ ശുചീകരിച്ച് അണുനാശിനി വിതറുന്ന ജോലികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയുമാണ്. 24.07.2007-ന് മൃഗശാല വീണ്ടും തുറക്കുന്നതാണ്. ജനപ്രതിനിധികളുടെ ഒരു അടിയന്തിരയോഗം വിളിച്ചു ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

### (4) ഫസലിന്റെ ഘാതകരെ അറസ്റ്റ് ചെയ്യേണ്ടത് സംബന്ധിച്ച്

**ശ്രീ. കെ. സുധാകരൻ** : 2006 ഒക്ടോബർ 22-ാം തീയതി രാവിലെ തലശ്ശേരിയിലെ മുഹമ്മദ് ഫസൽ എന്ന ചെറുപ്പക്കാരൻ കൊലചെയ്യപ്പെട്ടത് സംബന്ധിച്ച കേസ് അന്വേഷണത്തിനായി നാല് ടീമിനെ നിയോഗിക്കുകയുണ്ടായി. ഇവരുടെ അന്വേഷണത്തിൽ യാതൊരു പുരോഗതിയും ഉണ്ടാകാത്ത സാഹചര്യത്തിൽ ഈ കേസ് സി.ബി.ഐ.യെ ഏൽപ്പിച്ച് കുറ്റവാളികളെ കണ്ടെത്താനാവശ്യമായ നടപടി സ്വീകരിക്കണം.

**ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ)** : ഇത് സംബന്ധിച്ച് തലശ്ശേരി പോലീസ് കേസ് രജിസ്റ്റർ

ചെയ്ത് കണ്ണൂർ ഡി.സി.ആർ.ബി. ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ ഒരു പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് അന്വേഷണം നടത്തിയിരുന്നു. അതിനായി ഡോഗ് സ്ക്വാഡ്, ഫിംഗർ പ്രിന്റ് ബ്യൂറോ, സയന്റിഫിക് അസിസ്റ്റന്റ് എന്നിവരുടെ സേവനം ലഭ്യമാക്കുകയുണ്ടായി. പ്രതികളെപ്പറ്റി സൂചനകൾ ലഭിക്കാത്തതിനാൽ കേസിന്റെ അന്വേഷണം ക്രൈം ബ്രാഞ്ച് സി.ഐ.യ്ക്ക് കൈമാറുകയും കണ്ണൂർ ക്രൈം ബ്രാഞ്ച് സ്ക്വാഡ് രൂപീകരിച്ച് അന്വേഷണം നടത്തുകയും ചെയ്തു. മറ്റ് സൂചനകൾ ലഭിക്കാത്തതിനെത്തുടർന്ന് എസ്.ഐ. ജി. 3 യൂണിറ്റിന്റെ നേതൃത്വത്തിലുള്ള സ്പെഷ്യൽ സ്ക്വാഡാണ് അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നത്. കേസ് സി.ബി.ഐ.യ്ക്ക് വിടണമെന്ന് ആവശ്യപ്പെട്ട് ഹൈക്കോടതിയിൽ ഒരു കേസ് വന്ന സാഹചര്യത്തിൽ ഇത് സംബന്ധിച്ചുള്ള അന്വേഷണത്തിന്റെ കാര്യങ്ങൾ കോടതിയെ അറിയിക്കുകയും കോടതി ഇപ്പോൾ ആ സ്പെഷ്യൽ സ്ക്വാഡിന്റെ അന്വേഷണം തുടരട്ടെ എന്ന് അഭിപ്രായപ്പെടുകയും ചെയ്തിരിക്കുകയാണ്. ഒക്ടോബർ 18-ാം തീയതി കേസ് വച്ചിട്ടുണ്ട്. ഈ അന്വേഷണവും തൃപ്തികരമായി നടക്കുന്നില്ലെങ്കിൽ അനന്തര നടപടികളെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്. പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

**(5) <u>ശ്രീകണ്ഠപുരം എസ്.ഇ.എസ്. കോളേജിൽ നടന്ന അക്രമ സംഭവം</u>**

**<u>ശ്രീ. കെ.സി. ജോസഫ്</u>:** ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ശ്രീകണ്ഠപുരം എസ്.ഇ.എസ്. കോളേജിൽ ഈ വർഷത്തെ അഡ്മിഷന് ഏർപ്പെടുത്തിയ ചില വ്യവസ്ഥയിൽ രോഷംപൂണ്ട എസ്.എഫ്.ഐ. പ്രവർത്തകർ അഡ്മിഷൻ ദിവസം വൈകിട്ട് പ്രിൻസിപ്പലിന്റെ ഓഫീസ് മുറിയിലേയും സെമിനാർ ഹാളിലേയും സാധനസാമഗ്രികൾ അടിച്ചുതകർത്ത

സംഭവത്തെക്കുറിച്ച് പ്രിൻസിപ്പൽ രേഖാമൂലം പരാതി നൽകിയിട്ട് കേസ് രജിസ്റ്റർ ചെയ്യുകയോ, അന്വേഷണം നടത്തുകയോ പ്രതികളെ അറസ്റ്റ് ചെയ്യുകയോ ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച് അടിയന്തിര നടപടി സ്വീകരിക്കണം.

**ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ)</u>** : ശ്രീകണ്ഠപുരം എസ്.ഇ.എസ്. കോളേജിൽ 17.7.2007-ൽ ഒന്നാംവർഷ ഡിഗ്രി പ്രവേശനത്തിനുള്ള ഇന്റർവ്യൂ കഴിഞ്ഞ് വൈകിട്ട് 4 മണിയോടെ ഡിഗ്രി വിദ്യാർത്ഥികളായ ചില എസ്.എഫ്.ഐ. പ്രവർത്തകർ പ്രിൻസിപ്പലിന്റെ റൂമിൽ കയറി അതിക്രമം കാണിച്ചതായി പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീകണ്ഠപുരം പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ഊർജ്ജിതമായി നടത്തിക്കൊണ്ടിരിക്കുകയാണ്. അവിടത്തെ അദ്ധ്യാപകർ വിദ്യാർത്ഥികളെ ആക്രമിച്ചതായി ലഭിച്ച മറ്റൊരു പരാതിയുടെ അടിസ്ഥാനത്തിലും കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവിടെ സമാധാനാന്തരീക്ഷം സ്ഥാപിക്കുന്നതിന് സ്ഥലം എം.എൽ.എ. ഉൾപ്പെടെയുള്ളവരുടെ ശ്രമം ആവശ്യമാണ്. അവിടെ ഉണ്ടായ അക്രമ പ്രവർത്തനം സംബന്ധിച്ച് അന്വേഷണം നടത്തി കർശന നടപടി സ്വീകരിക്കുന്നതാണ്.

### (6) <u>കാലടി ശ്രീശങ്കര പാലം</u>

**<u>ശ്രീ. സാജു പോൾ</u>**: പെരുമ്പാവൂർ-അങ്കമാലി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന എം.സി. റോഡിലെ പെരിയാറിന് കുറുകേയുള്ള കാലടി ശ്രീശങ്കര പാലം നെടുമ്പാശ്ശേരി വിമാനത്താവളത്തിന്റേയും കാലടി, മലയാറ്റൂർ എന്നീ തീർത്ഥാടന കേന്ദ്രങ്ങളുടേയും അരി-മര വ്യവസായം തുടങ്ങിയവയുടെയും സാമീപ്യം വർദ്ധിപ്പിക്കുന്നതാണ്. എം.സി. റോഡ്

കെ.എസ്.ടി.പി. പുനരുദ്ധരിച്ചപ്പോൾ കാലടി ശ്രീശങ്കര പാലത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തിയില്ല. ജീർണ്ണാവസ്ഥയിലായ ഈ പാലം പുനരുദ്ധരിക്കുന്നതിനും അവിടത്തെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനും ഒരു സമാന്തര പാലം നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം.

**മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. റ്റി.യു. കുരുവിള):** കാലടി ശ്രീശങ്കര പാലത്തിന്റെ റിപ്പെയർ ജോലി ചെയ്യുന്നതിന് 15.7.2007-ൽ അവസാന തീയതിവച്ച് ക്വട്ടേഷൻ ക്ഷണിച്ചെങ്കിലും ലഭിക്കാത്തതിനാൽ മൽസര ക്വട്ടേഷൻ ക്ഷണിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സമാന്തരപാലം നിർമ്മിക്കുന്നതിന് 10.89 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പണി കെ.എസ്.ടി.പി.യുടെ തൊടുപുഴ-മുവാറ്റുപുഴ-അങ്കമാലി അപ്ഗ്രഡേഷനിൽ ഉൾപ്പെടുത്തി ചെയ്യാൻ ശ്രമിച്ചെങ്കിലും കരാറുകാരൻ 20 കോടി രൂപ ആവശ്യപ്പെട്ടതിനാൽ അത് ഉപേക്ഷിച്ചു. പാലം പണി ആരംഭിക്കുന്നതിന് എത്രയും വേഗം നടപടി കൈക്കൊള്ളുന്നതാണ്.

## (7) കയർഫെഡിന്റെ പുന:സംഘടന

**ശ്രീ. പി. തിലോത്തമൻ** : കയർഫെഡ്ഡ് കഴിഞ്ഞ കുറേ വർഷങ്ങളായി പ്രൈമറി സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കയറും കയറുൽപ്പന്നങ്ങളും ഉൽപ്പാദനച്ചെലവിന്റെ അടിസ്ഥാനത്തിൽ വാങ്ങി വിപണനം നടത്താത്തതുമൂലം അവ കെട്ടിക്കിടക്കുകയാണ്. ടേൺ ഓവർ ഇന്ന് 3 കോടി രൂപയായി കുറഞ്ഞതുമൂലം കയർഫെഡിന്റെ ചുമതല നിർവ്വഹിക്കാൻ കഴിയുന്നില്ല. കയർ പ്രൈമറി സംഘങ്ങളെ പുന:സംഘടിപ്പിക്കാൻ സർക്കാർ കൈക്കൊണ്ട നടപടികൾ വിജയകരമാകണമെങ്കിൽ കയർഫെഡ്ഡിന് ലക്ഷ്യത്തിനനുസരിച്ച് പ്രവർത്തിക്കാൻ കഴിയണം. അതിനുതകുന്ന വിധം കയർ ഫെഡ്ഡിനെ പുന:സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കണം.

**സഹകരണവും ദേവസ്വവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ)</u>** : 2001-02 വർഷത്തിൽ കയറിനും കയറുൽപ്പന്നങ്ങൾക്കും കേന്ദ്ര ഗവൺമെന്റ് നൽകിവന്ന 20 ശതമാനം റിബേറ്റ് നിർത്തലാക്കിയതുമൂലം കയർഫെഡ്ഡിന്റെ സമാഹരണ സാധ്യത കുറഞ്ഞിട്ടുണ്ട്. മാർക്കറ്റ് ഡെവലപ്മെന്റ് അസിസ്റ്റൻസ് മൂന്നുവർഷത്തെ വിൽപ്പനയിൽനിന്നും ശരാശരി 10 ശതമാനം കൊടുക്കുന്ന പരിപാടി സ്വീകരിച്ചതിന്റെ ഫലമായി മാർക്കറ്റിൽ ഫലപ്രദമായി ഇടപെടാനോ ശരിയായ നിലയിൽ ഉൽപ്പന്നങ്ങൾ ശേഖരിക്കാനോ കഴിയാത്ത സ്ഥിതിയുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കയർഫെഡ്ഡിലുണ്ടായ അഴിമതിയും കെടുകാര്യസ്ഥതയും കൂടുതൽ പ്രതിസന്ധിയുണ്ടാക്കി. അഴിമതിക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. പ്രാഥമിക സംഘങ്ങൾ ആവശ്യമായ കയർ ഇവിടെനിന്നും എടുക്കുകയും ആ കയർ ഗവൺമെന്റ് ന്യായവിലയ്ക്ക് വാങ്ങുകയും ചെയ്യുന്ന ഒരു മെക്കാനിസത്തെക്കുറിച്ച് ആലോചിക്കുന്നുണ്ട്. കയർ എൻഫോഴ്സ്മെന്റ് പർച്ചേസും ഡിസ്ട്രസ് പർച്ചേസും നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. കയർ വ്യവസായത്തിന്റെ പുന:സംഘടന ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങളെക്കുറിച്ചും ശുപാർശ സമർപ്പിക്കാൻ വിവിധ ട്രേഡ് യൂണിയനുകളുടെയും എക്സ്പെർട്ടുകളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തി ശ്രീ. ആനത്തലവട്ടം ആനന്ദൻ ചെയർമാനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. കയർഫെഡ്ഡിനെ നല്ല നിലയിൽ മുന്നോട്ടുകൊണ്ടു പോകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## (8) തുറമുഖ വകുപ്പിന്റെ സ്ഥലങ്ങൾ പാട്ടത്തിന് കൊടുക്കുന്നതിലെ ക്രമക്കേടുകൾ

**ശ്രീ. എ. പ്രദീപ് കുമാർ** : പോർട്ട് മാനുവിലിലെ വ്യവസ്ഥകൾ ലംഘിച്ച് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. ഇല്ലാതെ പോർട്ട് വകുപ്പിന്റെ കീഴിലുള്ള ഭൂമി വ്യാപകമായി സ്വകാര്യ വ്യക്തികൾക്ക് ലീസിന് കൊടുത്തതായി കണ്ടെത്തിയിരിക്കുന്നു. കോഴിക്കോട് തുറമുഖ വകുപ്പിന്റെ അധീനതയിലുള്ള കോടികൾ വിലമതിക്കുന്ന ഭൂമി നിയമവിരുദ്ധമായി കാലപരിധിയില്ലാതെ സ്വകാര്യ വ്യക്തികൾക്ക് കൊടുത്തിരിക്കുന്നു. ഇത് സംബന്ധിച്ച് സ്റ്റാറ്റസ്കോ മെയിന്റയിൻ ചെയ്യാൻ പോർട്ട് ഡയറക്ടറുടെ ഉത്തവ് പ്രകാരം നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ വകുപ്പ് സെക്രട്ടറിയെ അന്വേഷിക്കാൻ ചുതലപ്പെടുത്തി. ആ അന്വേഷണം എന്തായെന്നും എന്ത് നടപടി സ്വീകരിച്ചുവെന്നും അഴിമതിക്ക് കൂട്ടുനിന്ന ഉദ്യോഗസ്ഥരുടെപേരിൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കണം.

**നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ):** തുറമുഖ വികസനത്തിനും തുറമുഖ പ്രവർത്തനങ്ങൾക്കും ഉടനെ ആവശ്യമില്ലാത്ത ഒഴിഞ്ഞുകിടക്കുന്ന തുറമുഖ വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയും കെട്ടിടങ്ങളും സ്വകാര്യ വ്യക്തികൾക്ക് ലൈസൻസ് വ്യവസ്ഥയിൽ ലീസിന് നൽകുന്നതിന് കേരള പോർട്ട് മാനുവലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. തുറമുഖത്തിന്റെ അധീനതയിലുള്ള ഭൂമിയിൽ ആലപ്പുഴയിൽ രണ്ടും മുനമ്പത്ത് രണ്ടും നീണ്ടകര ആശ്രാമത്തിൽ രണ്ടും കോഴിക്കോട്-ബേപ്പൂർ മേഖലകളിൽ 28-ഉം കാസർകോട് 11-ഉം അഴീക്കൽ-കണ്ണൂർ എന്നിവിടങ്ങളിൽ 24-ഉം പേർക്ക് പാട്ടത്തിന് നൽകിയിട്ടുണ്ട്. ആലപ്പുഴയിൽ രണ്ട് കേസ്സുകളിൽ

ഒഴിപ്പിക്കൽ നടപടി സ്വീകരിച്ചിട്ടുണ്ട്. നീണ്ടകര ആശ്രാമത്തിൽ രണ്ട് കേസ്സുകൾക്ക് നോട്ടീസ് നൽകിക്കഴിഞ്ഞു. കോഴിക്കോട് തുറമുഖത്തിന്റെ തെക്കേ കടൽപ്പാലം വളപ്പിൽ ചുറ്റുമതിൽ കെട്ടിയിട്ടുള്ള ഭൂമിയുടെ ഒഴിപ്പിക്കൽ നടപടി സ്വീകരിച്ചു. ഈ ക്രമക്കേടുകൾ നടത്തിയവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. ബേപ്പൂരിൽ വാടകയ്ക്ക് കൊടുത്ത ഭൂമി ഒഴിപ്പിച്ചിട്ടുണ്ട്. തുറമുഖത്തുള്ള അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ടാസ്ക് ഫോഴ്സിന് രൂപം നൽകി പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്.

## (9) സ്റ്റീൽ ഇൻഡസ്ട്രീസ് (കേരള) ലിമിറ്റഡും കേരള വാട്ടർ അതോറിറ്റിയും തമ്മിലുള്ള കരാർ

**ശ്രീ. എം. ഹംസ** : ഒറ്റപ്പാലം മണ്ഡലത്തിലെ സ്റ്റീൽ ഇൻഡസ്ട്രീസ് (കേരള) ലിമിറ്റഡ് വാട്ടർ അതോറിറ്റിയുടെ വർക്കുകൾ ഏറ്റെടുത്തുകൊണ്ട് മുന്നോട്ടുപോവുകയായിരുന്നു. വാട്ടർ അതോറിറ്റിയുടെ പർച്ചേസ് പോളിസിക്കെതിരായി ഇറക്കിയ ഉത്തരവ് പിൻവലിച്ച് ഓർഡർ മുഴുവൻ സ്റ്റീൽ ഇൻഡസ്ട്രീസ് (കേരള) ലിമിറ്റിഡിന് നൽകി കമ്പനിയെ സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം.

**ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ)**: സിൽക്കുമായി ഉണ്ടായിരുന്ന കേരള വാട്ടർ അതോറിറ്റിയുടെ കരാർ 2006 ജൂലൈ മാസം അവസാനിച്ചതിന്റെ അടിസ്ഥാനത്തിൽ പുതിയ കരാറിന് ദർഘാസ് ക്ഷണിക്കുകയും ദർഘാസ് തീർപ്പാക്കുന്നതുവരെ സിൽക്കുമായുള്ള കരാർ ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ദർഘാസിൽ ഉൾപ്പെടുത്തിയിരുന്ന 24 ഇനത്തിൽ 4 എണ്ണത്തിന് സിൽക്ക് കുറഞ്ഞ നിരക്ക് നൽകിയതിന്റെ അടിസ്ഥാനത്തിൽ ആ ഇനങ്ങൾക്കുള്ള കരാർ സിൽക്കിന് നൽകുന്നതാണ്.

സിൽക്കിന്റെ താൽപര്യം പരിരക്ഷിച്ചുകൊണ്ടുള്ള നടപടികളായിരിക്കും വാട്ടർ അതോറിറ്റി സ്വീകരിക്കുന്നത്. ഇതു സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി അടിയന്തിരമായി ചർച്ച ചെയ്യുന്നതാണ്.

**(10) <u>കന്നഡ മീഡിയം വിദ്യാർത്ഥികൾക്ക് മറ്റ് ഭാഷയിൽ പരീക്ഷ എഴുതാൻ അനുവാദം</u>**

**<u>ശ്രീ. സി.എച്ച്. കുഞ്ഞമ്പു</u>** : കാസർകോട് ജില്ലയിലെ കന്നഡ മീഡിയം പ്ളസ് ടൂ വിദ്യാർത്ഥികൾക്ക് മാതൃഭാഷയായ കന്നഡയിലോ ഇംഗ്ളീഷിലോ പരീക്ഷ എഴുതാനുള്ള അനുമതി നൽകണം.

**വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ):</u>** മലയാളം മാതൃഭാഷയായ വിദ്യാർത്ഥികളുടേതുപോലെ കന്നഡ മാതൃഭാഷയായ വർക്കും ഇംഗ്ളീഷ് കൂടാതെ കന്നഡയിൽ പരീക്ഷ എഴുതാൻ അവകാശം കൊടുക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ എഴുതുന്ന ഉത്തരക്കടലാസ്സുകൾ മൂല്യനിർണ്ണയം ചെയ്യാൻ കന്നഡ, ഇംഗ്ളീഷ് ഭാഷ അറിയാവുന്ന പ്ളസ് ടു അദ്ധ്യാപകർ വേണ്ടത്ര ലഭ്യമല്ല. ഭാഷാ ന്യൂനപക്ഷങ്ങളുടെ അവകാശം എന്ന നിലയിൽ ഈ കാര്യത്തിൽ എന്തെങ്കിലും ചെയ്യാൻ കഴിയുമോയെന്ന് തീരുമാനിക്കാനായി കരിക്കുലം കമ്മിറ്റിയുടെ ശുപാർശ ആവശ്യപ്പെടുന്നതാണ്. ശുപാർശ കിട്ടിക്കഴിഞ്ഞാൽ ഇക്കാര്യത്തിൽ ഉടൻ നടപടി സ്വീകരിക്കുന്നതാണ്.

**(11) <u>രാമനാട്ടുകര-തൊണ്ടയാട് ദേശീയപാതയിൽ ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ നടപടി</u>**

**<u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u>:** രാമനാട്ടുകര-തൊണ്ടയാട് ദേശീയപാതയിൽ സ്ഥിരമായുണ്ടാകുന്ന അപകടങ്ങളെ സംബന്ധിച്ച് ഒരു

വിദഗ്ദ്ധ സംഘത്തെക്കൊണ്ട് അന്വേഷിപ്പിച്ച് പരിഹാരമുണ്ടാക്കണം. പ്രസ്തുത റോഡിന്റെ നവീകരണത്തിനായി കേന്ദ്ര ഉപരിതലഗതാഗത മന്ത്രാലയത്തിന് മുമ്പാകെയുള്ള പ്രൊപ്പോസൽ നടപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതോടൊപ്പം റോഡിൽ രൂപപ്പെട്ട ഗർത്തത്തെക്കുറിച്ച് പരിശോധിക്കുകയും ചെയ്യണം.

**മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. റ്റി.യു. കുരുവിള)**: രാമനാട്ടുകരയിൽ അപകടങ്ങൾ ഒഴിവാക്കുന്നതിനായി ക്രോസ്സ് റോഡ് വരമ്പുകൾ നിർമ്മിച്ച് ബൈപാസ്സിലേയ്ക്കുള്ള വാഹനങ്ങളുടെ വേഗത നിയന്ത്രിക്കുക, കാൽനടയാത്രക്കാർക്കുള്ള നിർദ്ദേശങ്ങൾ അടങ്ങിയ സൈൻബോർഡുകൾ സ്ഥാപിക്കുക തുടങ്ങിയവ ചെയ്തിട്ടുണ്ട്. അപകടം പൂർണ്ണമായി ഒഴിവാക്കുന്നതിനായി റോഡ് നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന് ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

## (12) പേരാമ്പ്ര ബൈപാസ് റോഡ്

**ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**: പേരാമ്പ്ര ബൈപാസ് റോഡ് നിർമ്മാണത്തിനുവേണ്ട ലാന്റ് അക്വിസിഷൻ നടപടികൾ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണം.

**മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. റ്റി.യു. കുരുവിള)**: പേരാമ്പ്ര ബൈപാസ് റോഡിന്റെ ഇൻവെസ്റ്റിഗേഷൻ നടപടി ആരംഭിച്ചതിനുശേഷം മാത്രമേ അലൈൻമെന്റ് പ്ളാൻ തയ്യാറാക്കി സ്ഥലമെടുപ്പിനുള്ള നടപടി കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ. ബൈപ്പാസ് നിർമ്മാണത്തിനായി തയ്യാറാക്കിയ 700 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് നടപടികൾ പൂർത്തിയാക്കി. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകുന്നതിനും സ്ഥലം ഏറ്റെടുക്കുന്നതിനുമുള്ള നടപടികൾ ആരംഭിക്കുന്നതാണ്.

### (13) ഏറ്റുമാനൂർ- മണർകാട് ബൈപ്പാസ് റോഡ് നിർമ്മാണം.

**ശ്രീ. തോമസ് ചാഴികാടൻ:** ഏറ്റുമാനൂർ, കോട്ടയം, ചങ്ങനാശ്ശേരി പട്ടണങ്ങളിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി ഏറ്റുമാനൂർ- മണർകാട് ബൈപ്പാസ് നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കണം.

**മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. റ്റി.യു. കുരുവിള):** 12-12-1997-ലെ സർക്കാർ ഉത്തരവുപ്രകാരം ഏറ്റുമാനൂർ-മണർകാട് ബൈപ്പാസ്സിന്റെ നിർമ്മാണത്തിനായി 1043 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. രണ്ട് മുതൽ നാല് വരെയുള്ള റീച്ചിന്റെ ഭാഗങ്ങൾ പൂർത്തീകരിക്കാനായി സ്ഥലമെടുപ്പ് നടപടികൾ നടന്നുവരുന്നു.

### (14) സമ്പാദ്യ സമാശ്വാസ പദ്ധതി.

**ശ്രീ. എ.എം. ആരിഫ്:** രജിസ്ട്രേഷൻ വകുപ്പിന്റെ കീഴിലുള്ള സമ്പാദ്യ സമാശ്വാസ പദ്ധതിയിൽ അരൂർ മണ്ഡലത്തിലെ മൽസ്യസംസ്ക്കരണ മേഖലയിലെ പീലിംഗ് തൊഴിലാളികളെക്കൂടി ഉൾപ്പെടുത്താനും ക്ഷേമനിധിയിൽ അംഗത്വം കൊടുക്കാനുമുള്ള നടപടികൾ സ്വീകരിക്കണം.

**ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ):** അരൂർ മണ്ഡലത്തിലെ പീലിംഗ് തൊഴിലാളികൾ താമസിക്കുന്നത് മറൈൻ ഫിഷറീസ് വില്ലേജുകളുടെ പരിധിയിൽ അല്ലാത്തതിനാൽ ഈ തൊഴിലാളികൾ ക്ഷേമനിധി അടയ്ക്കുന്നത് ഉൾനാടൻ മേഖലയിലുള്ള ക്ഷേമനിധി ഓഫീസായ മുഹമ്മയിലാണ്. നിലവിലുള്ള നിയമം അനുസരിച്ച് ഉൾനാടൻ മേഖലയിലെ അനുബന്ധ തൊഴിലാളികൾ സമ്പാദ്യസമാശ്വാസ പദ്ധതിയിൽ ഉൾപ്പെടുന്നതല്ല. ഇവരെ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

## (15) <u>മോഡൽ റെസിഡൻഷ്യൽ സ്ക്കൂളുകളിൽ പ്ളസ് ടു.</u>

**<u>ശ്രീ. യു.സി. രാമൻ:</u>** സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 26 മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകളിൽ ആവശ്യമായ അധ്യാപകരെ നിയമിക്കാനും പ്ളസ് ടു കോഴ്സ് അനുവദിക്കാനും നടപടി സ്വീകരിക്കണം. ദേശീയ നിലവാരത്തിലുളള ഒട്ടേറെ പ്രതിഭകളെ സൃഷ്ടിച്ച അയ്യങ്കാളി സ്പോർട്ട്സ് ഹോസ്റ്റലിന്റെ വികസനം കൂടി പരിഗണിക്കണം.

**വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ)</u>:** പട്ടികജാതി/ പട്ടികവർഗ്ഗ വികസനവകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 25 മോഡൽ റെസിഡൻഷ്യൽ സ്ക്കൂളുകളിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ വടശ്ശേരിക്കര, മൂന്നാർ, തളിപ്പറമ്പ്, ചാലക്കുടി, സുൽത്താൻബത്തേരി എന്നിവിടങ്ങളിലും പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുളള ആലുവ, തൃത്താല എന്നീ സ്ക്കൂളുകളിലുമാണ് പ്ളസ് ടൂ കോഴ്സ് അനുവദിക്കുന്നതിനുളള അപേക്ഷകൾ ഇപ്പോൾ പരിഗണനയിലുളളത്. പ്ളസ്ടൂ കോഴ്സ് അനുവദിക്കുന്നതിനേയും അദ്ധ്യാപക നിയമനത്തേയും സംബന്ധിച്ച് പഠിക്കുന്നതിനായി നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമായാൽ അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്. അയ്യങ്കാളി സ്പോർട്ട്സ് സ്കൂളിന്റെ കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## (16) <u>വയനാട് ജില്ലയക്ക് പ്രത്യേക പുനർനിർമ്മാണ പദ്ധതി</u>.

**<u>ശ്രീ. പി. കൃഷ്ണപ്രസാദ്:</u>** കാലവർഷക്കെടുതിമൂലം പ്രയാസമനുഭവിക്കുന്ന വയനാട് ജില്ലയിലെ ജനങ്ങൾക്കായി

കേന്ദ്രഗവണ്മെന്റിന്റെ പിൻതുണയോടുകൂടി ഒരു പ്രത്യേക പുനർനിർമ്മാണ പദ്ധതി ആവിഷ്ക്കരിക്കാൻ നടപടി സ്വീകരിക്കണം.

**പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി):** ദുരിതാശ്വാസ ക്യാമ്പുകളിൽ താമസിക്കുന്നവരെ കേന്ദ്ര-സംസ്ഥാന ഗവണ്മെന്റുകളുടെയും സന്നദ്ധ സംഘടനകളുടെയും ബഹുജനങ്ങളുടെയും സഹായത്തോടെ പുനരധിവസിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം.

**റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ):** ക്യാമ്പുകളിൽ താമസിക്കുന്നവർക്ക് ബ്ളാങ്കറ്റും ഷീറ്റു വിതരണം ചെയ്യാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. കൂടാതെ പുസ്തങ്ങൾ, പാത്രങ്ങൾ തുടങ്ങി അത്യാവശ്യസാധനങ്ങൾ സന്നദ്ധസംഘടനകൾ മുഖേന വിതരണം ചെയ്യാവുന്നതാണ്. വിശദമായ ചർച്ചകൾ നടത്തി വയനാടിനുവേണ്ടി ഒരു പാക്കേജ് തയ്യാറാക്കാൻ ജില്ലാകളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഉരുൾപൊട്ടലുണ്ടായ സ്ഥലങ്ങൾക്ക് കൂടുതൽ പ്രാധാന്യം കൊടുത്തുകൊണ്ട് വീട് വച്ചുകൊടുക്കാനുള്ള ഒരു പദ്ധതി കേന്ദ്ര ഗവണ്മെന്റിന് സമർപ്പിച്ചിട്ടുണ്ട്.

**വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം):** വയനാട് ജില്ലയിലെ മലയോര പ്രദേശങ്ങളിലും പുഴയോരങ്ങളിലും കാലവർഷക്കെടുതിമൂലം ദുരിതമനുഭവിക്കുന്നവർക്കുള്ള വസ്ത്രങ്ങളും കുട്ടികൾക്കുള്ള പാഠപുസ്തകങ്ങളും നോട്ടുബുക്കുകളും ബാഗുകളും ഇന്നും നാളെയുമായി വിതരണം ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അവിടെയുള്ള ചേമ്പ്ര, മലയിട പ്രദേശങ്ങളിൽ ഭൂമി വിണ്ടുകീറുന്നതു കാരണം നൂറുകണക്കിനാളുകളെ മാറ്റിപാർപ്പിക്കേണ്ടിവരും. സംസ്ഥാന ഗവൺമെന്റിന്റെ മുഴുവൻ ശേഷിയും വിനിയോഗിക്കുന്നതോടൊപ്പം ഇതിന്റെ ഗൗരവം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി കഴിയുന്നത്ര സഹായം

ലഭ്യമാക്കുന്നതിന് സമഗ്രമായ ഒരു പദ്ധതി സമർപ്പിക്കുന്നതിന് എല്ലാവരുടെയും സഹകരണമുണ്ടാകണം.

## (17) <u>മത്സ്യത്തൊഴിലാളികളുടെ മരണം</u>

<u>**ശ്രീ. കെ.വി. കുഞ്ഞിരാമൻ:**</u> ഉദുമ നിയോജകമണ്ഡലത്തിലെ അജാനൂർ കടപ്പുറത്തുനിന്നും മത്സ്യബന്ധനത്തിനുപോയ നാല് വള്ളങ്ങളിൽ രണ്ടെണ്ണം പൂർണ്ണമായി തകരുകയും രണ്ട് മത്സ്യത്തൊഴിലാളികൾ മരിക്കുകയും 30-ലേറെ തൊഴിലാളികൾക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു. മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് മതിയായ ധനസഹായം നൽകുന്നതിനും പരിക്കുപറ്റിയവർക്ക് ചികിത്സാ സഹായം ലഭ്യമാക്കുന്നതിനും നഷ്ടപ്പെട്ട മത്സ്യബന്ധനോപാധികൾക്ക് നഷ്ടപരിഹാരം നൽകുന്നതിനും അപകടത്തിൽപ്പെട്ട കുടുംബങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് കടലിൽ പോകാൻ കഴിയുന്നതുവരെ സൗജന്യ റേഷൻ നൽകുന്നതിനും രക്ഷാപ്രവർത്തനങ്ങൾക്ക് സ്ഥിരമായ സംവിധാനമുണ്ടാക്കുന്നതിനും നടപടി സ്വീകരിക്കണം.

**റവന്യൂ വകുപ്പുമന്ത്രി** <u>**(ശ്രീ. കെ.പി. രാജേന്ദ്രൻ):**</u> കാഞ്ഞങ്ങാട് ജില്ലയിൽ നിന്നും മത്സ്യബന്ധനത്തിനുപോയ രണ്ട് വള്ളങ്ങൾ പൂർണ്ണമായി തകരുകയും രണ്ടുപേർ മരിക്കുകയും ചെയ്ത സംഭവത്തിൽ രക്ഷാപ്രവർത്തനം തുടരുന്നു. മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് 50,000 രൂപ വീതവും പരിക്കുപറ്റിയവർക്ക് ചികിത്സയ്ക്കുള്ള സഹായവും ഉറപ്പുവരുത്തിയിട്ടുണ്ട്. രണ്ടാഴ്ച സൗജന്യറേഷൻ കൊടുത്തതിനുപുറമെ കൂടുതൽ കൊടുക്കുന്നകാര്യം പരിഗണിക്കുന്നതാണ്. വള്ളവും വലയും നഷ്ടപ്പെട്ടവർക്ക് കഴിയുന്നത്ര സഹായം ലഭ്യമാക്കുന്നകാര്യം ഫിഷറീസ് വകുപ്പുമായി ആലോചിച്ച് ചെയ്യുന്നതാണ്.

**(18) <u>തൃശ്ശൂർ ജില്ലയിലുണ്ടായ കാലവർഷക്കെടുതിയും കടലാക്രമണവും</u>**

**<u>ശ്രീ. ടി.എൻ. പ്രതാപൻ:</u>** തൃശ്ശൂർ ജില്ലയിലെ ഡാമുകൾ തുറന്നുവിട്ടതു മൂലമുണ്ടായ വെള്ളപ്പൊക്കത്തെത്തുടർന്ന് ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവർക്ക് രണ്ടാഴ്ചകൂടി സൗജന്യ റേഷൻ അനുവദിക്കുന്നതിനും വീടുകളുടെ കേടുപാടുകൾ തീർക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനും നടപടിയുണ്ടാകണം. കനോലികനാലിന്റെ ഇരുകരകളിലും താമസിക്കുന്നവർക്ക് അടിയന്തിര സഹായം ലഭ്യമാക്കുന്നതിനും കുതിരാനിൽ മലയിടിച്ചിലുണ്ടായതുമൂലം ദേശീയപാതയിലുണ്ടായ ഗതാഗത തടസ്സം നീക്കുന്നതിനും നടപടിയുണ്ടാകണം.

(ഈ വിഷയം സംബന്ധിച്ച് ശ്രീ. വി.എസ്. സുനിൽകുമാറും നോട്ടീസ് നൽകിയിട്ടുണ്ട്)

**റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ):</u>** തൃശ്ശൂർ ജില്ലയിലെ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവർക്ക് സഹായങ്ങൾ എത്തിക്കുന്നതിന് നോഡൽ ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്. അവർക്ക് സൗജന്യ റേഷൻ കൊടുക്കുന്നതുസംബന്ധിച്ച് മറ്റന്നാളത്തെ ക്യാബിനറ്റിൽ തീരുമാനമെടുക്കുന്നതാണ്. കുതിരാനിലെ ദേശീയപാതയിലുണ്ടായ ഗതാഗത തടസ്സം പരിഹരിക്കുന്നതിന് മരാമത്ത് വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് നടപടികൾ സ്വീകരിക്കുന്നതാണ്. ഇക്കാര്യം ദേശീയ ദുരന്ത നിവാരണ അതോറിറ്റിയെ അറിയിച്ചിട്ടുണ്ട്. ദുരിതാശ്വാസ ക്യാമ്പുകളിൽനിന്നും വീടുകളിലേയ്ക്ക് പോകുന്നവർക്ക് അവിടെ താമസിക്കാനുള്ള അടിയന്തിര സംവിധാനം ചെയ്തുകൊടുത്തിട്ടുണ്ട്. സൗജന്യ റേഷൻ കൊടുക്കുമ്പോൾ അത് കുറഞ്ഞ

വിലയ്ക്ക് കൊടുക്കുന്ന അരിയിൽ കുറവുചെയ്യുന്നതായുള്ള പരാതി ക്യാബിനറ്റ് യോഗത്തിൽ വിശദമായി ചർച്ച ചെയ്യുന്നതാണ്.

## (19) ദുരിതാശ്വാസ ക്യാമ്പുകളിലെ അരി വിതരണം

**ശ്രീ. കെ.സി. വേണുഗോപാൽ:** ആലപ്പുഴ ജില്ലയിലെ ദുരിതാശ്വാസ ക്യാമ്പുകളിൽ വിതരണം ചെയ്യുന്ന അരിയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും രണ്ടാഴ്ചത്തെ സൗജന്യ റേഷന്റെ കാര്യത്തിൽ ഒരു വ്യക്തതയുണ്ടാക്കുന്നതിനും നടപടി സ്വീകരിക്കണം.

**ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ):** ദുരിതാശ്വാസ ക്യാമ്പുകളിൽ ഗുണനിലവാരം കുറഞ്ഞ അരി വിതരണം ചെയ്യുന്നവരുടെ പേരിൽ നടപടി സ്വീകരിക്കുന്നതിനും ഗുണനിലവാരമുള്ള അരി വിതരണം ചെയ്യുന്നതിന് മുൻകരുതലെടുക്കുന്നതിനും ആലപ്പുഴ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 12 ലക്ഷത്തോളം പേർക്ക് ഇതുവരെ സൗജന്യ റേഷൻ നൽകിയിട്ടുണ്ട്. കാലവർഷം തുടരുകയാണെങ്കിൽ സൗജന്യറേഷൻ വിതരണം തുടരുന്നതിനെക്കുറിച്ച് ആലോചിക്കാം. സൗജന്യ റേഷൻ വിതരണം ചെയ്യുന്നതുസംബന്ധിച്ച് പ്രത്യേക ഗൈഡ്‌ലൈൻ ഇറക്കുന്നതാണ്.

## (20) പോലീസിന്റെ അനാസ്ഥ

**ശ്രീ. പി.സി. ജോർജ്:** ആർ.സി. ബുക്കുകൾക്കും ലൈസൻസുകൾക്കും പകരം സ്മാർട്ട് കാർഡ് ഏർപ്പെടുത്തുന്നതിനായി യു.ഡി.എഫ്. ഗവൺമെന്റ് ഡൽഹിയിലെ ഒരു പ്രമുഖ കമ്പനിയുമായുണ്ടാക്കിയ 132 കോടി രൂപയുടെ കരാർ എൽ.ഡി.എഫ്. ഗവൺമെന്റ് റദ്ദാക്കിയിരുന്നുവെങ്കിലും ഡൽഹി കമ്പനി ഹൈക്കോടതിയിൽ നിന്നും സ്റ്റേ വാങ്ങിയിരുന്നു. അതിനെതിരായ എറണാകുളം കാക്കനാട് സ്വദേശി സന്ദീപിന്റെ പൊതുതാല്പര്യ

ഹർജിയിൽ ഇന്ന് വിചാരണ നടക്കാനിരിക്കേ ഡൽഹി കമ്പനി പ്രതിനിധി കൾ കേസ് പിൻവലിക്കുന്നതിനായി 25 ലക്ഷം രൂപ കൊടുക്കാൻ എറണാകു ളത്തെത്തിയപ്പോൾ സന്ദീപ് പോലീസ് കമ്മീഷണർക്ക് വിവരം നൽകിയിട്ടും വേണ്ടത്ര ശുഷ്ക്കാന്തിയോടുകൂടി പ്രവർത്തിക്കാതെ അനാസ്ഥ കാണിച്ച പോലീസിനെതിരെ നടപടി സ്വീകരിക്കണം.

**ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ):** വാഹന സംബന്ധമായ എല്ലാ രേഖകളും ഒരേ കാർഡിൽ രേഖപ്പെടുത്തുന്ന സ്മാർട്ട് കാർഡ് പദ്ധതിക്ക് മുൻ ഗവൺമെന്റ് എഗ്രിമെന്റുണ്ടാക്കിയിരുന്നുവെങ്കിലും വർക്ക് അവാർഡ് ചെയ്യാതിരുന്നതി നാൽ ഈ ഗവൺമെന്റ് അത് റദ്ദ് ചെയ്യുകയുണ്ടായി. കരാറിലേർപ്പെട്ട കമ്പ നികളുടെ കൺസോർഷ്യം ഹൈക്കോടതിയിൽ നിന്നും വാങ്ങിയ സ്റ്റേയും ഇതുസംബന്ധിച്ച് എറണാകുളം കാക്കനാട് സ്വദേശി സന്ദീപ് സമർപ്പിച്ച പൊതുതാല്പര്യ ഹർജിയും ഇന്ന് വിചാരണ നടത്താനിരിക്കേ എറണാകു ളത്തെ ഒരു ഹോട്ടലിൽ വച്ച് സന്ദീപിനെ കേസിൽ നിന്നും പിൻമാറണമെന്നു പറഞ്ഞ് കമ്പനി പ്രതിനിധികൾ ഭീഷണിപ്പെടുത്തുകയുണ്ടായി. തുടർന്ന് എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്യു കയും കമ്പനി പ്രതിനിധികളായ നാലുപേരെ അറസ്റ്റ് ചെയ്ത് നിയമനടപടി കൾ സ്വീകരിച്ചുവരികയുമാണ്. മറ്റു കാര്യങ്ങളെ സംബന്ധിച്ച് പ്രത്യേകമായി അന്വേഷിക്കുന്നതാണ്.

## മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സു കൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

ഒന്നാം സബ്ജക്ട് കമ്മിറ്റിയുടെയും എഴാം സബ്ജക്ട് കമ്മിറ്റിയുടെയും 2005 ഏപ്രിൽ 1 മുതൽ 2006 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

എട്ടാം സബ്ജക്ട് കമ്മിറ്റിയുടെ 2007-ലെ കേരള ധനകാര്യ ബില്ലിനേയും 2007-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലിനേയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## നിയമനിർമ്മാണകാര്യം

**2007-ലെ കേരള ധനവിനിയോഗ (2-ാംനമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും**

**ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്):** 2007-ലെ കേരള ധനവിനിയോഗ (2-ാംനമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

**നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ):** പ്രമേയത്തെ പിന്താങ്ങുന്നു.

## അറിയിപ്പ്

**ഭേദഗതി നോട്ടീസുകൾ നൽകുന്നത് സംബന്ധിച്ച്**

**മി. സപീക്കർ:** 2007 ജൂലൈ 24-ന് സഭയുടെ മുമ്പാകെ പരിഗണനയ്ക്കു വരുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2007-ലെ കേരള ധനകാര്യ ബില്ലും 2007-ലെ കേരള ധനകാര്യ (2-ാംനമ്പർ) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തിന്മേലുള്ള ചർച്ചയ്ക്ക് മുൻഗണനാക്രമം നിർണ്ണയിക്കുന്നതിനായി നടത്തുന്ന നറുക്കെടുപ്പിനുള്ള ഭേദഗതി

നോട്ടീസുകൾ ഇന്ന് ഉച്ചയ്ക്കുശേഷം മൂന്നുമണിക്കും വകുപ്പുതിരിച്ചുള്ള ഭേദഗതിക്കുള്ള നോട്ടീസുകൾ വൈകുന്നേരം 7 മണിക്കും മുമ്പായി നൽകണ മെന്ന് അറിയിക്കുന്നു.

ശ്രീ. പി.സി. വിഷ്ണുനാഥ്: ധനവിനിയോഗബില്ലിനെ എതിർക്കുന്നു. സംസ്ഥാനത്ത് എല്ലാ മേഖലയിലും അരക്ഷിതാവസ്ഥ നിലനിൽക്കുന്നുണ്ടെങ്കിലും ഏറ്റവും കൂടുതൽ അരക്ഷിതാവസ്ഥ നിലനിൽക്കുന്നത് വിദ്യാഭ്യാസ മേഖലയിലാണ്. പൊതുവിദ്യാഭ്യാസ മേഖലയിൽനിന്നും പരിപൂർണ്ണമായും പിൻതിരിയാനുള്ള പരിശ്രമങ്ങളും സമീപനങ്ങളുമാണ് ഇപ്പോൾ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. മദ്രസയിലെ സമയമാറ്റത്തെക്കുറിച്ച് ആലോചിച്ചിട്ടില്ലെന്നാണ് ഗവൺമെന്റ് പറയുന്നത്. എന്നാൽ രാവിലെ 8 മണിക്ക് സ്കൂളിൽ പഠനം തുടങ്ങുന്നത് അഭികാമ്യമെന്നാണ് 2007-ലെ കേരള പാഠ്യപദ്ധതി ചട്ടക്കൂട്ടിൽ പറയുന്നത്. കാര്യക്ഷമതാ വർഷമെന്ന് പ്രചരിപ്പിച്ച 2007-08 അദ്ധ്യയന വർഷത്തിലെ ആദ്യത്തെ ടേം അവസാനിക്കാറായിട്ടും 3.73 കോടി രൂപയുടെ പുസ്തകങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്തിയിട്ടില്ല എന്നതാണ് വാസ്തവം. മാത്രമല്ല സൗജന്യ പുസ്തകവിതരണവും നടന്നിട്ടില്ല. 2000-ൽ എൽ.ഡി.എഫ്. ഗവണ്മെന്റാണ് ആദ്യമായി കോതമംഗലം രൂപതയുടെ കീഴിലുള്ള വിശ്വജ്യോതി കോളേജ് ഓഫ് എൻജിനീയറിംഗ് അടക്കം ആറ് കോളേജുകൾ സ്വകാര്യ മേഖലയിൽ തുടങ്ങാൻ അനുവാദം കൊടുത്തത്. 2000-ൽ ഒരു ലക്ഷം രൂപ റീഫണ്ടബിൾ ഡെപ്പോസിറ്റും 50,000 രൂപ ഫീസുമായിരുന്നു നിശ്ചയിച്ചിരുന്നതെങ്കിൽ ഇപ്പോൾ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിലെ റീഫണ്ടബിൾ ഡെപ്പോസിറ്റ് ഒന്നര ലക്ഷം രൂപയായി. എം.ബി.ബി.എസ്സിന് സ്വാശ്രയ . മെഡിക്കൽ കോളേജിൽ 50

ശതമാനം മെറിറ്റ് സീറ്റിലെ ഫീസ് 20,000 രൂപയായും രണ്ടര ലക്ഷം രൂപ ഡെപ്പോസിറ്റുമായി നിശ്ചയിച്ചിരിക്കുകയാണ്. ഡെപ്പോസിറ്റിന് അഞ്ചു വർഷം 12.5 ശതമാനം നിരക്കിൽ പലിശ കണക്കാക്കിയാൽ മാനേജ്മെന്റിന് വളരെയധികം സാമ്പത്തിക ലാഭം ഉണ്ടാകുമെന്നു കാണാം. ഭീഷണിയുടെയും അരക്ഷിതാവസ്ഥയുടെയും രാഷ്ട്രീയമാണ് ഇവിടെ നിലനിൽക്കുന്നത്.

**ശ്രീ. വി. ചെന്താമരാക്ഷൻ:** ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ ഭരണത്തിൻകീഴിൽ വളരെ പ്രതീക്ഷയോടുകൂടിയാണ് കേരളത്തിലെ ജനങ്ങൾ ജീവിച്ചുകൊണ്ടിരിക്കുന്നത്. 50 ശതമാനം മെറിറ്റിലും 50 ശതമാനം ക്യാപ്പിറ്റേഷൻ ഫീസിലും വിദ്യാർത്ഥികൾക്ക് പഠിക്കാമെന്നുള്ള ധാരണയോടുകൂടിയായിരുന്നു കേരളത്തിൽ കോളേജുകൾ ആരംഭിച്ചതെങ്കിലും കഴിഞ്ഞ ഗവൺമെന്റിന്റെ നയവൈകല്യംമൂലം ഈ ഗവൺമെന്റിന് പുതിയ സ്വാശ്രയ നിയമം കൊണ്ടുവരേണ്ടിവന്നു. ആ നിയമം അട്ടിമറിക്കപ്പെട്ടുവെങ്കിലും ഇപ്പോൾ സ്വാശ്രയ മെരിറ്റിൽ വരുന്ന കുട്ടികൾക്ക് സർക്കാർ ഫീസിൽ പഠിക്കാനുള്ള സാഹചര്യമുണ്ടായത് ഈ ഗവൺമെന്റിന്റെ കാലത്താണ്. സ്വകാര്യ സ്വാശ്രയ കോളേജുകളുടെ മേൽ നിയന്ത്രണം കൊണ്ടുവരാനുള്ള ഒരു കേന്ദ്രനിയമം കൊണ്ടുവരാൻ കേന്ദ്രത്തോട് ആവശ്യപ്പെടാനോ അതിനുള്ള സമ്മർദ്ദം ചെലുത്താനോ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞില്ല. ഏതാണ്ട് 45,000 കോടി രൂപയുടെ കടബാദ്ധ്യത കേരളത്തിനുണ്ട്. എന്നാൽ ഒരു വർഷത്തെ ധനകാര്യമാനേജുമെന്റിലൂടെ പ്രതീക്ഷാനിർഭരമായ ഒരു ഭരണം കാഴ്ചവയ്ക്കാൻ ഈ ഗവൺമെന്റിനു സാധിച്ചു. 2010-2011-ഓടെ റവന്യൂ

കമ്മി കുറച്ചുകൊണ്ടുവരുന്നതിനുള്ള സംഘടിത ശ്രമങ്ങളാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. 2006-07-ൽ നികുതി വരുമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞു. വിവിധ ക്ഷേമപദ്ധതികളടക്കം ജനോപകാരപ്രദങ്ങളായ നിരവധി പദ്ധതികൾക്ക് ആരംഭം കുറിക്കാൻ ഈ ഗവൺമെന്റിനു കഴിഞ്ഞു. കർഷക കടാശ്വാസ കമ്മിഷന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി 100 കോടി രൂപയും ആത്മഹത്യ ചെയ്ത കർഷകരുടെ ആശ്രിതർക്ക് 50,000 രൂപ വീതവും അനുവദിച്ചത് ഈ ഗവൺമെന്റാണ്. നെൽക്കൃഷിക്കാരെ സഹായിക്കുന്നതിനുവേണ്ടി 8.50 രൂപ നിരക്കിൽ ഒൻപതു ലക്ഷം ടൺ നെല്ല് ഒരു വർഷം കൊണ്ട് സംഭരിക്കാൻ കഴിഞ്ഞു. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ സാമ്പത്തിക ദുർവ്യയങ്ങളുടെ ഫലമായി ഉണ്ടായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാവശ്യമായ നടപടികളാണ് ഇക്കഴിഞ്ഞ ഒരുവർഷക്കാലംകൊണ്ട് ഈ ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. 2006-07-ൽ റവന്യൂ കമ്മി 4.36 ശതമാനത്തിൽ നിന്നും 3.41 ശതമാനമായി കുറച്ചുകൊണ്ടുവരാൻ ഈ ഗവൺമെന്റിനു കഴിഞ്ഞു. പി.ഡബ്ള്യൂ.ഡി.യെ അഴിമതിരഹിത വകുപ്പായി മാറ്റിയെടുക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചു. ഒരു വർഷത്തെ കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക അനുവദിച്ചു. നികുതി പിരിവ് കൂടുതൽ ഊർജ്ജിതമാക്കാനുള്ള നടപടികൾ സ്വീകരിച്ചു. ഒൻപത് ഇനങ്ങൾക്ക് നികുതിയിളവ് ഏർപ്പെടുത്താൻ തീരുമാനിച്ചു നാളികേരത്തിനും കേര ഉല്പന്നങ്ങൾക്കും നികുതിയിളവു പ്രഖ്യാപിച്ചു. ഖാദിയുല്പന്നങ്ങൾക്ക് എല്ലാ ആനുകൂല്യങ്ങളും പ്രഖ്യാപിച്ചു. പരമ്പരാഗത മേഖലയെ സംരക്ഷിക്കാൻ നടപടി സ്വീകരിച്ചു. ഏതാണ്ട് 63000 ടാക്സ് അസസ്സ്മെന്റ് കേസ്സുകൾ തീർപ്പാക്കാൻ നടപടികൾ സ്വീകരിച്ചു. ചെക്ക് പോസ്റ്റുകളുടെ നവീകരണത്തിന് ധനകാര്യ വകുപ്പ് നടപടികൾ

സ്വീകരിച്ചതിന്റെ ഫലമായി വൻതോതിൽ നികുതി വെട്ടിപ്പ് കണ്ടെത്താനും കോടിക്കണക്കിന് രൂപയുടെ നികുതി വരുമാനമുണ്ടാക്കാനും കഴിഞ്ഞു. റെയിൽവെയിലൂടെയുള്ള ചരക്കുകടത്തലിൽ നടന്നിരുന്ന നികുതി വെട്ടിപ്പ് കണ്ടുപിടിക്കാനും വരുമാന വർദ്ധനവുണ്ടാക്കാനും കഴിഞ്ഞു. വ്യാപാരി സമൂഹവുമായി സൗഹൃദാന്തരീക്ഷം വളർത്തിയെടുക്കാൻ ഈ ഗവൺമെന്റിനു കഴിഞ്ഞു. നെന്മാറയിൽ ഒരു പുതിയ ട്രഷറി അനുവദിക്കണം. സംസ്ഥാനത്തിന്റെ വിവിധ മേഖലകളുടെ വികസനത്തിന് മാതൃകാപരമായ നടപടികൾ എടുത്ത് മുന്നോട്ടുപോകുന്ന ഗവൺമെന്റാണിത്.

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u>: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. നികുതിപിരിവിന്റെ കാര്യത്തിൽ റിക്കോർഡ് സൃഷ്ടിച്ചു എന്ന് പറയുന്നുവെങ്കിലും സാമ്പത്തിക പരാധീനത കാരണം ഇവിടെ വികസന പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ല. ആരോഗ്യമേഖല ഇന്ന് വലിയ പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്. 2006-07-ൽ ആരോഗ്യ രംഗത്ത് പൊതുചെലവ് ഗണ്യമായി വർദ്ധിച്ചു. ഇക്കണോമിക് റിവ്യൂവിൽ പറയുന്നതനുസരിച്ച് മാതൃമരണനിരക്ക് വർദ്ധിച്ചിരിക്കുന്നു. . കുടുംബശ്രീക്ക് അനുവദിച്ചിരുന്ന പണം ഈ ഗവൺമെന്റ് വെട്ടിക്കുറച്ചു. ആശ്രയപദ്ധതി നിർത്തലാക്കി. ആരോഗ്യ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതിയെ ഈ ഗവൺമെന്റ് അട്ടിമറിച്ചു. പാവപ്പെട്ട ജനവിഭാഗങ്ങളുടെ കാര്യങ്ങൾ പരിഗണിക്കാതെയുള്ള മുതലാളിത്ത സമീപനമാണ് ഈ ഗവൺമെന്റിനുള്ളത്. ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ കവർന്നെടുക്കാൻ ആരേയും അനുവദിക്കില്ല. പാവപ്പെട്ടവർക്ക് ഉന്നത വിദ്യാഭ്യാസം നിഷേധിക്കുന്ന നടപടി സ്വീകരിച്ചത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റാണ്.

പാഠ്യപദ്ധതി പരിഷ്ക്കരണത്തെക്കുറിച്ചും സ്കൂൾ പഠന സമയം മാറ്റുന്നതിനെക്കുറിച്ചുമൊക്കെ ഇവിടെ പറഞ്ഞു. ന്യൂനപക്ഷങ്ങൾക്ക് ധാർമ്മിക ബോധനം നൽകാനുള്ള അവകാശം നഷ്ടപ്പെടുത്തിയാൽ അതിനെതിരെ ശക്തമായ സമരവുമായി മുന്നോട്ടുപോകും. ആഗോളവൽക്കരണത്തിന്റെ സൃഷ്ടി തന്നെയാണ് ഈ ഗവൺമെന്റിന്റെ ബഡ്ജറ്റും ധനവിനിയോഗ ബില്ലും.

**<u>ശ്രീ. എൻ. രാജൻ</u>** : ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കഴിഞ്ഞ രണ്ട് മാസമായി സംസ്ഥാനം കാലവർഷക്കെടുതിയിലും പകർച്ചപ്പനിയിലുമാണ്. വടക്കൻ ജില്ലകളിൽ കാലവർഷക്കെടുതിമൂലം വളരെയധികം ദുരന്തങ്ങളുണ്ടായപ്പോൾ അതൊക്കെ നേരിടാൻ ഈ ഗവൺമെന്റ് ഫലപ്രദമായ നടപടി സ്വീകരിച്ചു. പകർച്ചപ്പനി നേരിടുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ നിയോജകമണ്ഡലങ്ങളിലും ആരോഗ്യ കേരളം പദ്ധതിയനുസരിച്ച് ഓരോ ലക്ഷം രൂപ വീതം മരുന്ന് വാങ്ങുന്നതിനും മറ്റു ചെലവുകൾക്കുമായി അനുവദിച്ചു. സുനാമി പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുന്നതിൽ കഴിഞ്ഞ ഗവൺമെന്റ് തികഞ്ഞ പരാജയമായിരുന്നുവെന്നാണ് എ.ജി.യുടെ റിപ്പോർട്ടിൽ പറയുന്നത്. ഇതിനായി എല്ലാ ഡിപ്പാർട്ടുമെന്റുകളേയും ക്രോഡീകരിച്ചുകൊണ്ട് ഫലപ്രദമായി പ്രവർത്തിക്കാൻ സാധിച്ചിട്ടില്ല. ഗവൺമെന്റ് ഓഫ് ഇൻഡ്യ കൊടുത്ത ഫണ്ടുകൾ ഉപയോഗപ്പെടുത്തിയിട്ടില്ല സുനാമിയുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ഓഫ് ഇൻഡ്യ 2005-ൽ ഡിസ്ട്രസ് മാനേജുമെന്റ് ആക്ട് പുറപ്പെടുവിച്ചെങ്കിലും 2006 ആയിട്ടും അതിനുവേണ്ടി റൂൾസ് ഉണ്ടാക്കാൻ കഴിഞ്ഞിരുന്നില്ല. ഈ ഗവൺമെന്റ് ഡിസ്ട്രസ് മാനേജ്മെന്റ് റൂൾസ് പുറപ്പെടുവിച്ചു കഴിഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ

വന്നതിനുശേഷം കുടിശ്ശിക ഉൾപ്പെടെയുള്ള വിവിധ ക്ഷേമ പെൻഷനുകൾ കൊടുത്തു തീർത്തു. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തി. നിത്യോപയോഗ സാധനങ്ങൾ സിവിൽ സപ്ളൈസ് കോർപ്പറേഷൻ വഴിയും സഹകരണ വകുപ്പുവഴിയും വിതരണം ചെയ്ത് വിലവർദ്ധനവ് പിടിച്ചുനിർത്തി. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായി നിരവധി ക്ഷേമ പദ്ധതികൾ നടപ്പിലാക്കി.

**ശ്രീ. സി.എഫ്. തോമസ്** : ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. മുൻതൂക്കം കൊടുക്കേണ്ട മേഖലകൾക്ക് ഈ ഗവൺമെന്റ് പരിഗണന കൊടുത്തിട്ടില്ല. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിൽസാസഹായത്തിനായിട്ടുള്ള ആയിരക്കണക്കിനാളുകളുടെ അപേക്ഷകളിൻമേൽ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. 25 ലക്ഷത്തോളം കുടുംബങ്ങൾക്ക് ആനുകൂല്യം കിട്ടുന്ന ആരോഗ്യ സുരക്ഷാ പദ്ധതിക്ക് മുൻഗണന കൊടുത്തിട്ടില്ല. വിദ്യാലയങ്ങളുടെ നിയന്ത്രണം തദ്ദേശഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ചതു വഴിയുള്ള മാറ്റങ്ങളെക്കുറിച്ച് വ്യക്തതയില്ലാതിരിക്കുകയാണ്. വിദ്യാലയങ്ങളുടെ നിയന്ത്രണം പഞ്ചായത്തുകളെ ഏൽപ്പിക്കുകയില്ല എന്ന് ഖണ്ഡിതമായി പറയാൻ തയ്യാറാകുന്നില്ല.

**ശ്രീ. എം.കെ. പ്രേംനാഥ്:** ധനവിനിയോഗബില്ലിനെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് ജനകീയാസൂത്രണത്തിനായുള്ള പുതിയ സംവിധാനങ്ങൾ ആവിഷ്ക്കരിച്ചുകൊണ്ടിരിക്കുകയാണ്. ചെലവ് നിയന്ത്രിച്ചുകൊണ്ട് മാതൃക കാണിക്കുന്ന പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. കേന്ദ്രത്തിൽനിന്ന് ആവശ്യമായ ധനസഹായം സംസ്ഥാനത്തിന് ലഭിക്കുന്നില്ല. നികുതി പിരിവ് 23 ശതമാനം വർദ്ധിപ്പിക്കാൻ ഈ ഗവൺമെന്റിന്റെ കഴിഞ്ഞ ഒരു വർഷത്തിനിടയിലെ പ്രവർത്തനങ്ങൾ വഴി

സാധിച്ചുവെന്നത് ശ്രദ്ധേയമാണ്. ഐ.ടി. അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള സംസ്ഥാനത്തെ വ്യവസായ വികസന പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടക്കുകയാണ്. ജൈവകൃഷി പ്രോൽസാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നല്ലതാണ്. കാർഷിക-വ്യാവസായിക മേഖലകളിലെ നേട്ടങ്ങൾ കണ്ടില്ലെന്ന് നടിക്കാനാവില്ല. അപകട ഇൻഷ്വറൻസ് പദ്ധതി സാധാരണക്കാർക്ക് ഒരു നേട്ടം തന്നെയാണ്. പൊതുവിതരണ രംഗത്ത് 3000 പുതിയ ന്യായവില ഷോപ്പുകൾ തുറക്കാനും നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കാനുള്ള നടപടികൾ സ്വീകരിക്കാനും കഴിഞ്ഞു. വടകരയിൽ ഒരു പെൻഷൻ ട്രഷറിയും അഴിയൂരിൽ ഒരു പോലീസ് സ്റ്റേഷനും ആരംഭിക്കണം. കാർഷിക-വ്യാവസായിക രംഗത്തെ വികസനത്തിന് മലപ്പുറത്തിന് കൂടുതൽ ഊന്നൽ നൽകണം. കുടുംബശ്രീ പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള പ്രവർത്തനങ്ങൾ ശ്ളാഘനീയമാണ്. കോഴിക്കോട് മാവൂർ ഗ്വാളിയർ റയോൺസ് തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികളെ സ്വാഗതം ചെയ്യുന്നു. പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും പൊതുമേഖലയിൽ നിക്ഷേപം ഉണ്ടാക്കുന്നതിനുമുള്ള നടപടികളാണ് ഈ സർക്കാർ പൊതുവെ സ്വീകരിച്ചിരിക്കുന്നത്. ടൂറിസം മേഖലയെ പ്രോൽസാഹിപ്പിക്കാനുള്ള നടപടികൾ ശ്രദ്ധേയമാണ്. ന്യൂനപക്ഷ വിഭാഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാനും തെരഞ്ഞെടുപ്പുകാലത്ത് ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ നിറവേറ്റാനും ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കാർഷികരംഗത്ത് ഒട്ടനവധി വികസനോന്മുഖ പ്രവർത്തനങ്ങളാണ് ഈ സർക്കാർ കാഴ്ചവച്ചിട്ടുള്ളത്. കൈത്തറി മേഖലയിൽ പുത്തനുണർവ്വുണ്ടാക്കാൻ സാധിച്ചു. ടൂറിസം മേഖലയിൽ

വരുമാനം വർദ്ധിപ്പിക്കാനുതകുന്ന നൂതന പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അഞ്ച് വർഷംകൊണ്ട് സംസ്ഥാനത്തെ സാമ്പത്തിക നില ഭദ്രമാക്കാൻ സാധിക്കത്തക്കവിധത്തിൽ സമസ്ത മേഖലകളിലും പുരോഗതി ലാക്കാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്.

**<u>ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി</u>**: ധനവിനിയോഗബില്ലിനെ അനുകൂലിക്കുന്നു. സംസ്ഥാനത്ത് വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന സർക്കാരിനെ അഭിനന്ദിക്കാനുള്ള സന്മനസ്സുപോലും പ്രകടിപ്പിക്കാതെ പ്രതിപക്ഷം അപവാദപ്രചരണങ്ങൾ നടത്തുന്നത് നിർഭാഗ്യകരമാണ്. ഈ സർക്കാർ ജനങ്ങളുടെ താൽപ്പര്യങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നതിൽ പ്രതിജ്ഞാബദ്ധമാണ്. വിദ്യാഭ്യാസ കച്ചവടക്കാർക്കും ഭൂമികയ്യേറ്റക്കാർക്കും മാഫിയകൾക്കും എതിരായ നിലപാടാണ് ഈ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കടക്കെണിയിൽ പെട്ടുഴലുകയായിരുന്ന സംസ്ഥാനത്തെ കരകയറ്റാനുതകുന്ന പ്രവർത്തനങ്ങളുമായി ഈ സർക്കാർ മുന്നോട്ടുപോവുകയാണ്. പാവങ്ങളുടെ മേൽ അധിക നികുതി അടിച്ചേൽപ്പിക്കാതെ നികുതി കുടിശ്ശികയുൾപ്പെടെ സമയബന്ധിതമായി പിരിച്ചെടുത്ത് ഖജനാവിന്റെ സ്ഥിതി ഭദ്രമാക്കാൻ ശ്രമിക്കുകയാണ്. ആരോഗ്യമേഖലയിൽ പല നല്ല കാര്യങ്ങളും ചെയ്തുകൊണ്ടിരിക്കുകയാണ്. ജോലിക്കു ഹാജരാകാത്ത ഡോക്ടർമാരുടെ പേരിൽ നടപടി സ്വീകരിച്ചു. പകർച്ചപ്പനി നേരിടാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചു. സൈബർ കുറ്റവാളികളെ അറസ്റ്റുചെയ്യാനും മാഫിയാപ്രവർത്തകരെ കണ്ടുപിടിച്ച് അവർക്കെതിരായി നടപടി സ്വീകരിക്കാനും സാധിച്ചതിലൂടെ ആഭ്യന്തര വകുപ്പ് ക്രമസമാധാന

രംഗത്ത് ക്രിയാത്മകമായ പ്രവർത്തനങ്ങളാണ് കാഴ്ചവച്ചത്. ജനവിധി മാനിച്ച് വിദ്യാഭ്യാസ കച്ചവടക്കാരിൽ നിന്ന് ഈ സംസ്ഥാനത്തെ രക്ഷിക്കാനുള്ള ഗവൺമെന്റിന്റെ ബാദ്ധ്യത നിറവേറ്റാനുള്ള നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. മന്ത്രിയുടെ സ്പെഷ്യൽ ക്വാട്ട പൊതുക്വാട്ടയാക്കി മാറ്റി ഹജ്ജ് തീർത്ഥാടകർക്കായി സുതാര്യമായ സംവിധാനം കൊണ്ടുവന്നു. പാവപ്പെട്ടവർക്കും കൃഷിക്കാർക്കും നിർദ്ധനകുടുംബത്തിലെ വിദ്യാർത്ഥികൾക്കും വേണ്ടി പല പ്രവർത്തനങ്ങളും നടത്തിക്കൊണ്ടിരിക്കുന്നു. മതന്യൂനപക്ഷങ്ങൾക്കെതിരെ ഈ ഗവൺമെന്റ് ഒന്നും ചെയ്തിട്ടില്ലെന്ന വസ്തുത പ്രതിപക്ഷം മനസ്സിലാക്കണം. ന്യൂനപക്ഷ താൽപര്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന സർക്കാരാണിത്. ഈ സർക്കാർ ഏറ്റെടുത്ത 11,000 ഏക്കർ ഭൂമി ഭൂരഹിതരായ കർഷകത്തൊഴിലാളികൾക്കും ആദിവാസികൾക്കും കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. സാമൂഹ്യനീതിക്കുവേണ്ടിയുള്ള പോരാട്ടത്തിൽ മതന്യൂനപക്ഷത്തിൽപ്പെട്ട പാവപ്പെട്ടവരുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് അവസരം ലഭ്യമാക്കാനുള്ള ബാധ്യത ഈ സർക്കാരിനുണ്ട്. ജനവിധി മാനിക്കാനുള്ള ബാധ്യത ഈ ഗവൺമെന്റ് നിറവേറ്റും.

**ശ്രീ. പി.ജെ. ജോസഫ്**: ധനവിനിയോഗബില്ലിനെ അനുകൂലിക്കുന്നു. കേരളമൊട്ടാകെ പകർച്ചപ്പനിയുടെ പിടിയിലാണ്. ചിക്കുൻഗുനിയ പോലുള്ള മാരകമായ രോഗങ്ങൾ കേരളത്തിൽ പടരുന്നത് മാലിന്യ നിർമ്മാർജ്ജനത്തിലെ അപാകത മൂലമാണ്. 2003-ൽ 'ക്ലീൻ കേരള മിഷൻ' പദ്ധതി ആരംഭിച്ചെങ്കിലും അത് ഫലപ്രദമായി ഇപ്പോൾ നടക്കുന്നില്ല. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളം മാലിന്യകൂമ്പാരമാ

യിരിക്കുന്നു. മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്ന കാര്യത്തിൽ തദ്ദേശ ഭരണസ്ഥാപനങ്ങളുടെ പ്രഥമമായ ജോലി അവർ നിർവ്വഹിക്കുന്നില്ല. മാലിന്യങ്ങളിൽനിന്നും ബയോഗ്യാസ് ഉണ്ടാക്കി വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതിക്ക് രൂപം നൽകണം. യൂറോപ്പിലൊക്കെ അവരുടെ പ്രധാന പട്ടണങ്ങളിലെ മാലിന്യങ്ങളിൽനിന്ന് വൈദ്യുതി ഉല്പാദിപ്പിച്ചുകൊണ്ടിരിക്കുകയാണ്. വൈദ്യുതിയാക്കി മാറ്റിയശേഷം വരുന്ന അവശിഷ്ടം കൃഷിസ്ഥലത്തേയ്ക്ക് വളമായി ഉപയോഗിക്കുന്നു. ഇതുസംബന്ധിച്ച് പഠിച്ച് ഇത്തരത്തിൽ വേസ്റ്റ് ഡിസ്പോസ് ചെയ്യാനുള്ള രീതി കേരളത്തിലും അവലംബിക്കണം. മാലിന്യങ്ങൾ ഒരു ഭാഗത്ത് ഡംപ് ചെയ്യുന്ന രീതി അവസാനിപ്പിച്ച് പഞ്ചായത്ത് തലത്തിൽ യൂണിറ്റുകളുണ്ടാക്കി ഇത് കൈകാര്യം ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കണം. ഈ സർക്കാരിന്റെ കാലത്തുതന്നെ ഏറ്റവും മികച്ച, ശാസ്ത്രീയമായ രീതി അവലംബിച്ച് മാലിന്യ നിർമ്മാർജ്ജനത്തിന് പരിഹാരമുണ്ടാക്കണം. വെള്ളപ്പൊക്കക്കെടുതികളുടെ ഭാഗമായി സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി രൂപീകരിച്ചതുപോലെ ഡിസ്ട്രിക്ട് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയും ലോക്കൽ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയും എത്രയും വേഗം രൂപീകരിക്കണം. സംസ്ഥാനത്ത് പല സ്ഥലങ്ങളിലും ജലനിർഗ്ഗമന മാർഗ്ഗങ്ങൾ മുഴുവൻ അടച്ചിട്ടിരിക്കുകയാണ്. ഹൈവേ പ്രൊട്ടക്ഷൻ നിയമം നടപ്പിലാക്കണം. റേഷൻ വിതരണം ശക്തിപ്പെടുത്തണം. അനധികൃതമായി കള്ളക്കണക്കെഴുതി റേഷൻ കരിഞ്ചന്തയിൽ വിൽക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കണം. ആദിവാസി കോളനികളിൽ റേഷൻ എത്തിക്കാനുള്ള നടപടി ഉണ്ടാകണം. റോഡപകടങ്ങൾ കുറയ്ക്കുന്നതിന് കുഴികൾ നികത്തുകയും കേടായ റോഡുകൾ അടിയന്തിരമായി റിപ്പെയർ ചെയ്യുകയും വേണം. റോഡുകളുടെ ഇരുവശത്തും

മണ്ണിട്ട് ഉയർത്തുന്ന രീതി അവസാനിപ്പിക്കണം. ചിക്കുൻ ഗുനിയ പിടിപെട്ടവർക്കുള്ള റിലീഫ് മെഷേഴ്സ് ശക്തിപ്പെടുത്തണം.

**ശ്രീ. എം.എം. മോനായി**: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ന്യൂനപക്ഷ താല്പര്യങ്ങളെ ഹനിക്കുന്ന വിധത്തിലുള്ള ഭരണമാണ് മുൻ യു.ഡി.എഫ്. സർക്കാർ കാഴ്ചവച്ചത്. ന്യൂനപക്ഷങ്ങളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടിയാണ് ഈ സർക്കാർ യു.പി.എ. ഗവൺമെന്റിന് പിന്തുണ നൽകുന്നത്. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾക്കെതിരായി ഇല്ലാത്ത ആരോപണങ്ങൾ ഉന്നയിച്ച് തെറ്റിദ്ധാരണ പരത്തുന്ന കാര്യങ്ങളാണ് പ്രതിപക്ഷം നടത്തുന്നത്. കുറ്റം ചെയ്തവരെ ശിക്ഷിക്കാനും അവർക്കെതിരെ നടപടി സ്വീകരിക്കാനും ഇടതുപക്ഷജനാധിപത്യ മുന്നണി സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. സ്വാശ്രയ വിദ്യാഭ്യാസ ബിൽ ഏകകണ്ഠമായി പാസ്സാക്കിയെങ്കിലും ജനങ്ങളുടെ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും മനസ്സിലാക്കാതെ പ്രതിപക്ഷം പെരുമാറുന്നത് ശരിയല്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ധീരമായ നടപടികളുമായി മുന്നോട്ടുപോവുകയാണ്. കോൺട്രാക്ടർമാരും ഉദ്യോഗസ്ഥരും തമ്മിലുള്ള അനധികൃത കൂട്ടുകെട്ട് ഇല്ലാതാക്കാൻ നടപടി സ്വീകരിക്കണം. ഗവൺമെന്റ് നയങ്ങളേയും പുരോഗമന ആശയങ്ങളേയും എതിർക്കുന്ന സമീപനമാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. ഇടതുപക്ഷ പ്രസ്ഥാനം പാവപ്പെട്ടവർക്കൊപ്പമാണ് നിൽക്കുന്നത്.

**ശ്രീ. പി.സി. ജോർജ്** : ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് ന്യൂനപക്ഷ വിഭാഗങ്ങൾക്ക് എതിരാണെന്നുള്ള സംശയം ദൂരീകരിക്കാൻ നടപടി സ്വീകരിക്കണം. ചിലരുടെ അനവസരത്തിലുള്ള, ഔചിത്യമില്ലാത്ത പ്രസ്താവനകളും, പഞ്ചായത്ത്രാജ് നഗരപാലിക ബില്ലിൽ

കൊണ്ടുവന്ന അമെന്റ്മെന്റിലൂടെ വിദ്യാഭ്യാസ മേഖലയിൽ ത്രിതല പഞ്ചായത്തുകൾക്ക് അധികാരങ്ങൾ നൽകിയപ്പോൾ ചില പഞ്ചായത്തുകൾ അത് ദുരുപയോഗം ചെയ്തതിലൂടെയുമാണ് ന്യൂനപക്ഷങ്ങൾക്കിടയിൽ ഇത്തരം സംശയങ്ങളുണ്ടായത്. ന്യൂനപക്ഷങ്ങൾക്കുവേണ്ടി എക്കാലത്തും ശക്തമായി പ്രതികരിക്കുന്നത് ഇടതുപക്ഷ ജനാധിപത്യമുന്നണിയാണ്.

**ശ്രീ. അൽഫോൺസ് കണ്ണന്താനം:** ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും മാതൃകയായ ബഡ്ജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. പരിമിതമായ സാമ്പത്തിക സാധ്യതകളെ ഉപയോഗിച്ചുകൊണ്ട് എങ്ങനെ റിസോഴ്സസ് ഉണ്ടാക്കാമെന്നും ഫലപ്രദമായി എങ്ങനെ ചെലവഴിക്കാമെന്നും ഗവൺമെന്റ് തെളിയിച്ചിട്ടുണ്ട്. ബഡ്ജറ്റിൽ അനുവദിക്കുന്ന തുക വേണ്ട വിധത്തിൽ വിനിയോഗം ചെയ്യുന്നതാണ് പ്രധാനം. സംസ്ഥാനത്തെ മാലിന്യ വിമുക്തമാക്കിയാൽ കൂടുതൽ ടൂറിസ്റ്റുകൾ ഇവിടെ എത്തും. അതിന് വിരുദ്ധമായി പ്രവർത്തിക്കുന്നവരെ അറസ്റ്റ് ചെയ്യണം. അത്തരത്തിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കണം. മാറിമാറി വരുന്ന ഗവൺമെന്റുകൾ ഇത്തരം കാര്യങ്ങളിൽ നടപടികൾ സ്വീകരിക്കാത്തതുകൊണ്ടാണ് കേരളം മാലിന്യകൂമ്പാരമായി മാറുന്നത്. പകർച്ചപ്പനി, രൂക്ഷമായ പ്രകൃതിക്ഷോഭം എന്നിവ ഉണ്ടായപ്പോൾ ഈ ഗവൺമെന്റ് ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചു. മാനദണ്ഡം അനുസരിച്ച് അർഹതപ്പെട്ടവർക്ക് ഫുഡ്കിറ്റിനുവേണ്ടി കാഞ്ഞിരപ്പള്ളി താലൂക്കിലെ പാവപ്പെട്ടവരുടെ ലിസ്റ്റ് തയ്യാറാക്കി സമർപ്പിച്ചപ്പോൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ അത് നിരസിച്ചു. പല മണ്ഡലങ്ങളിലും ധാരാളം പട്ടിണിക്കാരുണ്ട്. ലിസ്റ്റിലുള്ള എല്ലാപേർക്കും അരി ലഭ്യമാക്കണം.

മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുന്നതിനുവേണ്ടിയുള്ള എൻവയോൺമെന്റൽ ക്ളിയറൻസിന് ഗവൺമെന്റ് അപേക്ഷിച്ചിട്ടില്ലെങ്കിൽ അതിനുവേണ്ടി ഉടനെ നടപടി സ്വീകരിക്കണം. കൺസ്യൂമർ ഫോറത്തിന്റെ പ്രവർത്തനം വർഷങ്ങളായി നിലച്ചിരിക്കുകയാണ്. 12 ജില്ലകളിൽ കൺസ്യൂമർ ഫോറത്തിന് സെക്രട്ടറിയും പ്രസിഡന്റുമില്ലാത്ത അവസ്ഥയാണ്. പാവപ്പെട്ടവരുടെ സംരക്ഷണത്തിനായിക്കൊണ്ടുവന്ന കൺസ്യൂമർ ഫോറത്തിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കാൻ നടപടി സ്വീകരിക്കണം. മൂന്നാറിൽ ഭൂമി കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിന് ഗവൺമെന്റ് ധീരമായി പ്രവർത്തിച്ചിട്ടുണ്ട്. തിരുവനന്തപുരത്തെ അനധികൃത ബഹുനില കെട്ടിടങ്ങൾ പൊളിക്കുന്നതിന് നടപടി സ്വീകരിക്കണം. പാറത്തോട് പഞ്ചായത്തിലുണ്ടായ ഉരുൾപൊട്ടലിൽ ഭൂമി നഷ്ടപ്പെട്ടവർക്ക് പകരം ഭൂമി നൽകുന്നതിന് നടപടി സ്വീകരിക്കണം. ലക്ഷംവീട് കോളനികൾ പലതും ഇടിഞ്ഞുപൊളിഞ്ഞു പോകുകയാണ്. അത് പുനർ നിർമ്മിക്കണം. ശരിയായ ലൈസൻസ് ഇല്ലാതെ വാഹനങ്ങൾ ഓടിക്കുന്നതുകൊണ്ട് സംസ്ഥാനത്ത് അപകടങ്ങൾ വർദ്ധിക്കുന്നുണ്ട്. അത്തരക്കാരുടെ പേരിൽ കർശന നടപടി സ്വീകരിക്കണം.

**ശ്രീ. കെ.കെ. ഷാജു:** ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ വിവിധ ക്ഷേമ പെൻഷനുകൾ എല്ലാ മാസവും 1-ാം തീയതി കൊടുക്കാൻ സ്വീകരിച്ച നടപടി ഈ ഗവൺമെന്റ് നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കണം. എൻ.എച്ച്., എം.സി. റോഡുകളുൾപ്പെടെയുള്ള മുഴുവൻ റോഡുകളുടേയും സ്ഥിതി ശോചനീയമാണ്. റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. ന്യൂനപക്ഷ വിഭാഗങ്ങൾക്കിടയിൽ ഗവൺമെന്റ് ചിന്താക്കുഴപ്പമുണ്ടാക്കുകയാണ്. എയ്ഡഡ് സ്ഥാപനങ്ങളിലെ

വിദ്യാർത്ഥി പ്രവേശനത്തിൽ വ്യക്തമായ കാഴ്ചപ്പാടുണ്ടാകണം. ദിശാബോധമില്ലാത്ത ഒരു ഗവൺമെന്റാണിത്.

**<u>ശ്രീമതി കെ.കെ. ലതിക</u>:** ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ആഗോളവൽക്കരണത്തിന്റെ ഫലമായി ഉണ്ടായ സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ സാമൂഹിക ഉത്തരവാദിത്വത്തിൽ നിന്ന് മറ്റ് സംസ്ഥാന ഗവൺമെന്റുകൾ പിന്നോട്ടുപോകുന്ന അവസരത്തിൽ അതിൽ നിന്ന് വ്യത്യസ്തമായി ക്ഷേമപ്രവർത്തനങ്ങൾക്കുള്ള ഫണ്ട് വെട്ടിക്കുറയ്ക്കാതെ കർശനമായ സാമ്പത്തിക അച്ചടക്കത്തോടെ മുന്നോട്ടുപോകുന്ന ഗവണ്മെന്റാണിത്. കർഷകർ, വിദ്യാർത്ഥികൾ, ക്ഷീരകർഷകർ തുടങ്ങി സമസ്തമേഖലകളിലുമുള്ള ജനങ്ങൾക്ക് ആശ്വാസം പകരുന്ന 5 ബില്ലുകളാണ് ഈ ഗവണ്മെന്റ് ഇതിനകം പാസ്സാക്കിയത്. കഴിഞ്ഞ സർക്കാർ തടഞ്ഞുവച്ചതും കുടിശ്ശിക വരുത്തിയതുമായ ക്ഷേമപെൻഷനുകൾ കുടിശ്ശികയുൾപ്പെടെ വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചത് ഈ ഗവണ്മെന്റാണ്. തുടർന്നും എല്ലാ മാസവും ക്ഷേമപെൻഷനുകൾ കൃത്യമായി കൊടുക്കാനുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം ചുരുട്ടുതൊഴിലാളികൾക്കും പെൻഷൻ അനുവദിക്കണം. ആൺമക്കളുള്ള വിധവകൾക്കും പെൻഷൻ അനുവദിക്കുമെന്നുള്ള പ്രഖ്യാപനം സ്വാഗതാർഹമാണ്. റൂറൽ ഹെൽത്ത് മിഷൻ ഫണ്ട് വിനിയോഗിച്ച് ഒട്ടേറെ ക്ഷേമപ്രവർത്തനങ്ങൾ നടപ്പാക്കിയത് സ്വാഗതാർഹമാണ്. കോഴിക്കോട് ജില്ലയിൽ അസുഖം ബാധിച്ച 114 കുട്ടികൾക്ക് ആയിരം രൂപ വീതം നൽകുകയും അവരുടെ ചികിൽസാ ചെലവ് ഗവണ്മെന്റ് വഹിക്കുകയും ചെയ്തു. സി.എച്ച്.സി., പി.എച്ച്.സി. എന്നിവയുടെ പ്രവർത്തനങ്ങൾ ഫലപ്രദമാക്കാനുള്ള നടപടി സ്വീകരിച്ചു.

നികുതി പിരിവിൽ 50 ശതമാനം വളർച്ചയുണ്ടാക്കാനും . പൊതുവിതരണ സമ്പ്രദായം മെച്ചപ്പെടുത്താനും നടപടി സ്വീകരിച്ചു. വിലക്കയറ്റമുണ്ടായ സന്ദർഭത്തിൽ സഹകരണവകുപ്പു മുഖേന ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്യാനും സഹകരണ ബാങ്കിൽനിന്ന് കുറഞ്ഞ നിരക്കിൽ വായ്പ കൊടുക്കാനുമുള്ള നടപടി സ്വീകരിച്ചു. സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണത്തോടനുബന്ധിച്ച് താഴ്ന്ന ജീവനക്കാരുടെ പേ സ്കെയിലിൽ ഉണ്ടായിരുന്ന അപാകത പരിഹരിക്കുന്നതിന്റെ ഭാഗമായി അവരുടെ അഞ്ച് സ്കെയിലുകൾ ഉയർത്താനും തടഞ്ഞുവച്ച രണ്ടര വർഷത്തെ പെൻഷൻ കുടിശ്ശിക പൂർണ്ണമായും കൊടുത്തുതീർക്കാനും നടപടി സ്വീകരിച്ചു. പ്രൊഫഷണൽ വിദ്യാഭ്യാസമേഖലയിൽ സാധാരണക്കാർക്ക് കടന്നുവരാൻ പറ്റാത്ത അവസ്ഥയ്ക്ക് മാറ്റമുണ്ടാക്കിക്കൊണ്ട് സ്വാശ്രയനിയമം പാസ്സാക്കിയത് ഈ ഗവണ്മെന്റാണ്. സംസ്ഥാനത്തെ മലയോര കുടിയേറ്റ കർഷകരേയും ന്യൂനപക്ഷ വിഭാഗങ്ങളേയും കമ്മ്യൂണിസ്റ്റ് വിരോധത്തിന്റെ പേരു പറഞ്ഞ് പിൻതിരിപ്പിക്കുന്ന നടപടിയാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. കേരളത്തിന്റെ അന്തരീക്ഷത്തിന് പറ്റുന്ന വിധത്തിൽ സ്ക്കൂൾ സമയം നിശ്ചയിക്കുന്ന കാര്യവും അധ്യാപകനിയമനം പഞ്ചായത്തുകളെ ഏൽപ്പിക്കുന്ന കാര്യവും ചർച്ച ചെയ്ത് തീരുമാനിക്കാവുന്നതാണ്. മേപ്പയൂർ നിയോജകമണ്ഡലത്തിലെ മണിയൂർ പഞ്ചായത്തിൽ വെള്ളപ്പൊക്ക നിവാരണത്തിനായി ബണ്ട് കെട്ടാനുള്ള നടപടി സ്വീകരിക്കണം.

<u>**ശ്രീ. എൻ. അനിരുദ്ധൻ:**</u> ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ധനവിനിയോഗത്തിന്റെ ദിശാക്രമം നിശ്ചയിച്ച ഒരു ഗവണ്മെന്റാണിത്. 49,000 കോടി രൂപയുടെ പൊതുകടമുള്ള കേരളത്തിൽ വികസനപ്രവർത്തനങ്ങളിൽ

നിന്ന് പിന്മാറാതെ മുന്നോട്ടുപോകാനുള്ള ധനസമാഹരണം നടത്താൻ ഗവണ്മെന്റ് എല്ലാ പരിശ്രമവും നടത്തണം. വിഭവസമാഹരണത്തിനുവേണ്ടി വായ്പാ പരിധി വർദ്ധിപ്പിക്കുന്നതിന് ശ്രമിക്കുന്നതോടൊപ്പം കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതം വർദ്ധിപ്പിക്കുന്നതിനാവശ്യമായ സമ്മർദ്ദം ചെലുത്തണം. സമ്പാദ്യ പദ്ധതികൾക്കുള്ള പലിശ വർദ്ധിപ്പിച്ച് ഡെപ്പോസിറ്റ് മൊബിലൈസേഷൻ നടത്തുന്നതോടൊപ്പം വരുമാന വർദ്ധനവിനായി ധനാഗമമാർഗ്ഗങ്ങളും കണ്ടെത്തണം. റവന്യൂ കമ്മിയും ധനകമ്മിയും കുറയ്ക്കുന്നതിനുവേണ്ടി വിഭവസമാഹരണത്തിലൂടെയും വികസന പ്രവർത്തനങ്ങളിലൂടെയും നടപടികൾ സ്വീകരിക്കണം. ചെലവഴിക്കുന്ന പണത്തിന്റെ പ്രതിഫലനം അവലോകനം ചെയ്യുന്നതോടൊപ്പം ധനവനിയോഗം നടത്തുമ്പോൾ അതിന്റെ ഇംപാക്ടിനെക്കുറിച്ച് മോണിറ്ററിംഗ് നടത്താനും നടപടി സ്വീകരിക്കണം. അനാവശ്യമായ ചെലവുകൾ നിയന്ത്രിക്കണം. വിദ്യാഭ്യാസം, ആതുരശുശ്രൂഷാരംഗം, ചെറുകിട-പരമ്പരാഗത വ്യവസായം തുടങ്ങിയ മേഖലകൾക്ക് സഹായം നൽകുന്നതിനും സാമൂഹ്യക്ഷേമപദ്ധതികൾ നടപ്പാക്കുന്നതിനും ധനവിനിയോഗത്തിൽ മാറ്റം വരുത്താതെ പുതിയ ധനാഗമമാർഗ്ഗങ്ങൾ കണ്ടെത്താനും നടപടി സ്വീകരിക്കണം. വികസനപ്രവർത്തനങ്ങളുടെ പേരിലോ അഴിമതിയുടെ പേരിലോ ഗവണ്മെന്റിനെ കുടുക്കാൻ കഴിയാത്തതിനാൽ, ഗവണ്മെന്റ് ന്യൂനപക്ഷ സമുദായങ്ങൾക്കെതിരാണെന്ന കുപ്രചരണം നടത്തുന്നതിനുള്ള ശ്രമമാണ് പ്രതിപക്ഷം നടത്തുന്നത്. ഭൂ പരിഷ്ക്കരണ നിയമം നടപ്പാക്കിയും വിദ്യാഭ്യാസ കച്ചവടത്തിനെതിരെ പ്രതികരിച്ചും അനധികൃതമായി ഭൂമി കയ്യേറിയവർക്കെതിരെ കർശനമായ നിലപാടുകൾ എടുത്തും ഈ ഗവണ്മെന്റ് മുന്നോട്ടുപോകുകയാണ്.

വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ സമവായത്തിലൂടെ തീരുമാനിക്കുന്ന ഒരു ഗവൺമെന്റാണിത്. അത്തരത്തിലുള്ള ഒരു ഗവൺമെന്റിനെ വിശ്വാസത്തിലെടുക്കാതെയുള്ള പടയൊരുക്കമാണ് ഇവിടെ നടക്കുന്നത്.

**ശ്രീ. വി.ജെ. തങ്കപ്പൻ:** ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. വിദ്യാഭ്യാസ കച്ചവടക്കാരും ജന്മിമാരും അവരുടെ താല്പര്യങ്ങൾ സംരക്ഷിക്കപ്പെടില്ലെന്നുകണ്ടപ്പോഴാണ് ഗവൺമെന്റിനെതിരെ ശബ്ദമുണ്ടാക്കുന്നത്. വിദ്യാഭ്യാസം അപകടത്തിലാണെന്ന് പറയുന്നില്ല. മതം അപകടത്തിലാണെന്നാണ് പറയുന്നത്. അനധികൃത കയ്യേറ്റം നടത്തിയ ലക്ഷക്കണക്കിന് ഏക്കർ ഭൂമി തിരിച്ചെടുക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുന്നു. 1959-ൽ ജന്മിമാർക്കുണ്ടായ അതേ വികാരമാണ് ഇപ്പോഴും ഭൂവുടമസ്ഥർക്കുണ്ടായിരിക്കുന്നത്. മാധ്യമങ്ങൾ കമ്മ്യൂണിസ്റ്റ് വിരുദ്ധ പ്രചാരം നടത്തുകയും കമ്മ്യൂണിസ്റ്റ് പാർട്ടി നേതാക്കന്മാരെ വ്യക്തിപരമായും കൂട്ടായും ആക്രമിക്കുകയും ചെയ്യുന്നു. 1959-ലെപ്പോലെ ജന്മിമാരേയും വിദ്യാഭ്യാസ കച്ചവടക്കാരേയും യോജിപ്പിച്ചുകൊണ്ട് ഈ ഗവൺമെന്റിനെ തകർക്കാമെന്ന വ്യാമോഹം വൃഥാവിലാണ്. ഒരു ജനാധിപത്യ രാഷ്ട്രമെന്ന നിലയിൽ പ്രതിപക്ഷവുമായും വിദ്യാഭ്യാസ മാനേജുമെന്റുകളുമായും എല്ലാ കാര്യങ്ങളും ചർച്ച ചെയ്യാനും യോജിച്ച തീരുമാനമെടുക്കാനും ഗവൺമെന്റ് സന്നദ്ധമാണ്. ധനവിനിയോഗം നടത്തുമ്പോൾ ക്ഷേമ രംഗത്തും വിദ്യാഭ്യാസ രംഗത്തും ആരോഗ്യ രംഗത്തും ഉല്പാദന രംഗത്തുമെല്ലാം മുടക്കുമുതലിനനുസരിച്ച് പ്രയോജനമുണ്ടാകുന്നുണ്ടോയെന്നുള്ളത് പരിശോധിക്കണം. ഗവൺമെന്റിന്റെ സാമ്പത്തിക സ്ഥിതി ആശാവഹമല്ലാത്ത സ്ഥിതിയിൽ നിൽക്കുമ്പോൾ സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് സംസ്ഥാനത്തെ പ്രകൃതിസമ്പത്തുകളായ ശുദ്ധജലം,

കരിമണൽ, പാറ എന്നിവ വ്യാവസായികാടിസ്ഥാനത്തിൽ വിപണനം നടത്താൻ തയ്യാറാകണം. തടയണകൾ നിർമ്മിച്ച് മഴവെള്ളം തടഞ്ഞുനിർത്തി മുഴുവൻ ഗ്രൗണ്ട് വാട്ടറും ചൂഷണം ചെയ്ത് വിറ്റുകാശാക്കാൻ കഴിയണം. കടപ്പുറത്തെ ജനങ്ങളുടെ ജീവിതം ദുരിതപൂർണ്ണമാണ്. കടലിലിൽ നിന്നും 500 മീറ്റർ മാറി വീടും വൈദ്യുതിയും കുടിവെള്ളവും ലഭ്യമാക്കി ആളുകളെ പുനരധിവസിപ്പിച്ചും പാരിസ്ഥിതിക-ആവാസ വ്യവസ്ഥകൾക്ക് കോട്ടം തട്ടാതെയും കടപ്പുറത്തെ കരിമണൽ ഖനനംചെയ്ത് കേരളത്തിന്റെ സമ്പത്ത് പ്രയോജനപ്പെടുത്തണം. മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ സഹകരണത്തോടെ പാറയുള്ള ഭൂമി അളന്നുതിരിച്ച് പാറപൊട്ടിച്ചെടുക്കുന്നതിനും ആ സമ്പത്ത് മുതൽക്കൂട്ടി റോഡുകളും മറ്റും നന്നാക്കുന്നതിനും കഴിയണം.

**ശ്രീ. ആര്യാടൻ മുഹമ്മദ്**: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. വഖഫ് ബോർഡിന്റെയും ദേവസ്വം ബോർഡിന്റെയും പള്ളികളുടെയും കാര്യത്തിൽ സി.പി.ഐ. (എം) നുള്ള അഭിപ്രായമല്ല യു.ഡി.എഫ്.നുള്ളത്. മുസ്ലീം, എൻ.എസ്.എസ്., എസ്.എൻ.ഡി.പി. എന്നീ സമുദായ സംഘടനകളുമായി യു.ഡി.എഫ്.-ന് ബന്ധമുണ്ട്. 1957-ലെ സ്വാർത്ഥഭരണം ഇന്ന് നടക്കില്ല. 1957 കാലഘട്ടത്തിൽ നിന്നും കേരളം പാടെ മാറിയിരിക്കുന്നു. അന്നത്തെ ഭരണസമ്പ്രദായം ഇനി ഉണ്ടാകാൻ പാടില്ലായെന്നുള്ളതു കൊണ്ടാണ് 1957 ഇനി ആവർത്തിക്കാൻ പാടില്ലെന്ന് കേന്ദ്ര പ്രതിരോധ മന്ത്രി പറഞ്ഞത്. ഈ ഗവൺമെന്റ് ബിഷപ്പുമാരേയും കോടതികളേയും പത്രങ്ങളേയും വിമർശിക്കാൻ വേണ്ടിയാണ് അധികാരം വിനിയോഗിക്കുന്നത്. 1987 മാർച്ചു മാസത്തെ റവന്യൂ കമ്മി 157 കോടി രൂപയായിരുന്നത് എൽ.ഡി.എഫ് ഗവൺമെന്റിന്റെ നാല് കൊല്ലക്കാലത്തെ ഭരണം മൂലം 422 കോടി രൂപയായി വർദ്ധിപ്പിച്ചത്,. യു.ഡി.എഫ് ഗവൺമെന്റിന്റെ അഞ്ച്

കൊല്ലം കൊണ്ട് 402 കോടി രൂപയാക്കി കുറച്ചു. 1995-96-കാലഘട്ടത്തിൽ സംസ്ഥാനത്ത് ഒരു ദിവസം പോലും ഓവർഡ്രാഫ്ടോ വെയ്സ് ആന്റ് മീൻസ് അഡ്വാൻസോ എടുക്കേണ്ടിവന്നിട്ടില്ലെന്ന സത്യം നിഷേധിക്കാനാവില്ല. യു.ഡി.എഫ് ഗവൺമെന്റ് അഞ്ച് കൊല്ലക്കാലത്തെ ഭരണം കൊണ്ട് 3147 കോടി രൂപയായിരുന്ന റവന്യൂ കമ്മി 3129 കോടി രൂപയാക്കി കുറച്ചുവെങ്കിൽ അതിനുശേഷം അധികാരത്തിൽ വന്ന എൽ.ഡി.എഫ്. ഗവൺമെന്റ് പത്ത് മാസത്തെ ഭരണം കൊണ്ട് 5916 കോടി രൂപയാക്കി വർദ്ധിപ്പിക്കുകയാണ് ചെയ്തത്. 2005-06-ൽ ധനകമ്മി 4181.72 കോടി രൂപയായിരുന്നത് ഈ ഗവൺമെന്റ് 8331.36 കോടി രൂപയാക്കി വർദ്ധിപ്പിച്ചു. വാറ്റിലൂടെ 23 ശതമാനം നികുതി വർദ്ധനവുണ്ടാക്കിയപ്പോൾ നിത്യോപയോഗ സാധനങ്ങളുടെ വില 30 ശതമാനം വർദ്ധിച്ചുവെന്ന സത്യം മനസ്സിലാക്കണം. റവന്യൂ ഡെഫിസിറ്റ് 2005-06-ൽ 2.60 ശതമാനമായിരുന്നത് ഇപ്പോൾ 3 ശതമാനമായും. ഫിസ്ക്കൽ ഡെഫിസിറ്റ് 3.47 ശതമാനമായിരുന്നത് 4 ശതമാനമായും വർദ്ധിച്ചു. ഈ ഗവൺമെന്റ് അഗ്രിക്കൾച്ചർ, അനിമൽ ഹസ്ബന്ററി, കോ-ഓപ്പറേഷൻ എന്നീ മേഖലകൾക്കുള്ള 2006-07-ലെ ബഡ്ജറ്റ് വിഹിതം കുറയ്ക്കുകയാണ് ചെയ്തത്. അതായത് കഴിഞ്ഞ കൊല്ലത്തെക്കാൾ 71 കോടി രൂപയിൽ അധികം കുറവ് ചെയ്തു. റോഡിനുവേണ്ടി കഴിഞ്ഞ കൊല്ലം ബഡ്ജറ്റിൽ 1.69 കോടി രൂപ അനുവദിച്ച സ്ഥാനത്ത് ഇക്കൊല്ലം 1.46 കോടി രൂപയായി ചുരുക്കി. . നാചുറൽ കലാമിറ്റിക്കുവേണ്ടിയുള്ള ബഡ്ജറ്റ് വിഹിതവും കുറച്ചിരിക്കുകയാണ്. ഡെവലപ്മെന്റൽ എക്സ്പെൻഡിച്ചർ കുറയ്ക്കുകയും നോൺ ഡെവലപ്മെന്റൽ എക്സ്പെൻഡിച്ചർ കൂട്ടുകയുമാണ് ഈ ഗവൺമെന്റ് ചെയ്തിരിക്കുന്നത്. റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി

വാങ്ങിയ 168 കോടി രൂപയിൽ 68 കോടി രൂപ വകമാറ്റി ചെലവഴിക്കുകയും ബാക്കി ഫണ്ട് കൊടുക്കാതിരിക്കുകയും ചെയ്തിട്ട് കേന്ദ്രത്തെ കുറ്റം പറയുന്ന ഈ ഗവണ്മെന്റിന്റെ സമീപനത്തിൽ മാറ്റമുണ്ടാകണം. നോൺ പ്ലാൻ എക്സ്പെൻഡിച്ചർ കുറച്ച് പ്രൊഡക്ടീവ് സെക്ടറിലേയ്ക്കു കൂടുതൽ പണം ചെലവഴിക്കാൻ കഴിയണം.

**ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്):** ഈ വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ 28,950 കോടി രൂപയും കഴിഞ്ഞ വർഷത്തേതിൽ 22,057 കോടി രൂപയുമാണ് ചെലവുചെയ്തത്. ഈ വർഷം 7000 കോടി രൂപ അധികമായി ചെലവിടാനാണ് ഉദ്ദേശിക്കുന്നത്.. നോൺ ഡെവലപ്മെന്റൽ എക്സ്പെൻഡിച്ചർ 27 ശതമാനം കൂടിയിട്ടുണ്ട്. പദ്ധതിച്ചെലവിൽ കഴിഞ്ഞ വർഷത്തേക്കാൾ 15 ശതമാനത്തിന്റെ വർദ്ധനവുണ്ടായിട്ടുണ്ട്. അത് അനിവാര്യവുമാണ്. ശമ്പളപരിഷ്ക്കരണം നടപ്പിലാക്കിയതിന്റെ ബാദ്ധ്യത അതിനു കാരണമായിട്ടുണ്ട്. കർഷകത്തൊഴിലാളികളുടെ ഇതുവരെയുള്ള പെൻഷൻ കുടിശ്ശികയായ 170 കോടി രൂപ ഓണത്തിനുമുമ്പ് കൊടുക്കുന്നതാണ്. മറ്റ് ക്ഷേമപെൻഷനുകളും ഓണത്തിനുമുമ്പ് കുടിശ്ശിക തീർത്തുകൊടുക്കും. പി.ഡബ്ള്യൂ.ഡി. റോഡുകളുടെ കാര്യം ജില്ലാടിസ്ഥാനത്തിൽ പരിശോധിക്കേണ്ടിവരും. 358 കോടി രൂപയുടെ എൽ.സി. ഈ വർഷം ഇതുവരെ റിലീസ് ചെയ്തിട്ടുണ്ട്. 2005-2006-ൽ കേരളത്തിൽ നടന്ന റോഡുവർക്കുകളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ട്. അതിന്റെ കണക്കും ഉണ്ട്. വി.ഐ.പി വിസിറ്റിനുവേണ്ടി എ.എസ് പോലുമില്ലാതെ എത്ര കോടി രൂപയുടെ വർക്കുകളാണ് നടത്തിയത് എന്നതിന്റെ പരിശോധന നടത്തിയിട്ടുണ്ട്. ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് പൊതുപ്പണം കൈകാര്യം ചെയ്യുകയാണ് ചെയ്തിരുന്നത്. നമ്മുടെ നാട്ടിൽ

പതിനഞ്ച് വർഷത്തോളമായി തുടർന്നുവരുന്ന ഈ അഴിമതി അവസാനിപ്പിക്കേണ്ടത് ആവശ്യമാണ്. ബിൽഡിംഗ് വർക്കുകൾക്ക് 16 കോടി രൂപയും ഇറിഗേഷൻ വർക്കുകൾക്ക് 124 കോടി രൂപയും റോഡ് വർക്കുകൾക്ക് 916 കോടി രൂപയുമാണ് കരാറുകാർക്ക് ഇന്നലെവരെയുള്ള കുടിശ്ശിക. റോഡ് വർക്ക് പൂർത്തീകരിച്ച് രണ്ട് വർഷം കഴിഞ്ഞിട്ടേ കരാറുകാർക്ക് പണം കിട്ടുകയുള്ളു എന്നത് പുതുതായിട്ടുള്ള കാര്യമല്ല. കരാറുകാർക്ക് പണം ലഭിക്കുന്നതിന് മുൻപില്ലാതിരുന്ന കാലതാമസമോ പ്രയാസമോ ഈ സർക്കാർ ഉണ്ടാക്കിയിട്ടില്ല. ഇപ്പോൾ ഏതെങ്കിലും സ്ഥാപനങ്ങളിൽ നിന്ന് പണമെടുത്ത് കരാറുകാർക്ക് ഇതുവരെയുള്ള കുടിശ്ശിക കൊടുത്തുതീർക്കാനും ഇനിമുതലുള്ളത് പ്രവൃത്തി തീർക്കുന്ന മുറയ്ക്ക് കൊടുക്കാനും ഇങ്ങനെ പലിശയ്ക്ക് പണം വാങ്ങിക്കൊടുക്കുമ്പോൾ പത്തര ശതമാനം പലിശ കരാറുകാർ തരണമെന്ന് ഈ ഗവൺമെന്റ് തീരുമാനമെടുത്തിരിക്കുകയാണ്. അവർ അതുകൂടി കണക്കിലെടുത്താണ് എസ്റ്റിമേറ്റ് ഉണ്ടാക്കുന്നത്. റോഡിന്റെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് ചട്ടങ്ങളിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല. 15 ലക്ഷം രൂപവരെയുള്ള വർക്കുകൾക്ക് സി.ഇ-ക്ക് അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ കൊടുക്കാം. നാല് ലക്ഷം രൂപവരെ ടെണ്ടർ വേവ് ചെയ്യാം. തലസ്ഥാന നഗര റോഡ് വികസനത്തിന് 160 കോടി രൂപയുടെ എസ്റ്റിമേറ്റ് ആന്വിറ്റിയായിട്ട് കൊടുക്കാൻ തീരുമാനിച്ചപ്പോൾ 550 കോടി രൂപയാണ് വരുന്നത്. ഡിസ്കൗണ്ട് ചെയ്യുമ്പോൾ കെ.എസ്.ടി.പി റോഡുകളുടെ പണി എത്രയും പെട്ടന്ന് തീർക്കാൻ പറ്റുമോയെന്ന് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. കാർഷിക മേഖലയിൽ ആവശ്യമായ പണം ചെലവാക്കുന്നുണ്ട്. ആരോഗ്യ, വ്യവസായ മേഖലകളിൽ ചെലവുകൾ കൂടിക്കൊണ്ടിരിക്കുന്നു.

വിദ്യാഭ്യാസ മേഖലയിൽ ഒരു വർഷം 41 ശതമാനമാണ് ചെലവ് വർദ്ധിക്കുന്നത്. പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ഏറ്റവും കൂടുതൽ സഹായം ചെയ്യുന്നതിനുള്ള ശ്രമം നടത്തിയിട്ടുണ്ട്. ഇപ്പോൾ കേന്ദ്ര സർക്കാർ നിർണ്ണയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് അനുസരിച്ചാണ് ഫിസിക്കൽ സ്ട്രസ് നിർണ്ണയിക്കുന്നത് യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് ധനകമ്മി അഞ്ച് ശതമാനമായിരുന്നത് കഴിഞ്ഞ വർഷം മൂന്ന് ശതമാനമായി. അതുപോലെ റവന്യു ഡെഫസിറ്റ് 77 ശതമാനമായിരുന്നത് 68 ശതമാനമായി. വരുന്ന വർഷം അത് 70 ശതമാനമാകും കടബാദ്ധ്യത 40 ശതമാനമായിരുന്നത് 39 ശതമാനമായി. അടുത്ത വർഷം 40 ശതമാനമാകും. പലിശയിനത്തിൽ 27 ശതമാനമായിരുന്നത് . 23 ശതമാനമായി. ഈ വർഷം 22 ശതമാനമാകും. നികുതി വരുമാനം കൂടിയപ്പോൾ വില വർദ്ധനവ് ഉണ്ടായി എന്നുപറയുന്നത് ശരിയല്ല. നികുതി നിരക്ക് കൂട്ടിയാലേ വില വർദ്ധനവ് ഉണ്ടാകുകയുള്ളു. മതന്യൂനപക്ഷങ്ങളുടെ സംരക്ഷണത്തിനു വേണ്ടി ഏറ്റവും മുന്തിയ പരിഗണന കൊടുക്കുന്ന പ്രസ്ഥാനമാണ് ഇടതുപക്ഷ പ്രസ്ഥാനം. കേരളത്തിലെ എയിഡഡ് കോളേജുകളുടേയും സ്കൂളുകളുടേയും നടത്തിപ്പിൽ നിലവിലുള്ള മാനദണ്ഡത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നില്ല. 14 വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച് സർക്കാരും മാനേജുമെന്റും തമ്മിൽ രൂക്ഷമായ അഭിപ്രായ വ്യത്യാസമുണ്ട് കേരളത്തിലെ 10 എഞ്ചിനീയറിംഗ് കോളേജുകളുകളുടേയും 4 മെഡിക്കൽ കോളേജുകളുടേയും മാനേജ്മെന്റും സർക്കാരുമായുണ്ടായ അഭിപ്രായവ്യത്യാസത്തിന്റെ അടിസ്ഥാനകാരണം മതന്യൂനപക്ഷ വിദ്യാഭ്യാസ അവകാശത്തെക്കുറിച്ച് നിലനിന്നിരുന്ന ധാരണയിൽ ഉണ്ടായ വ്യത്യസ്തമായ നിലപാടാണ്. പൊതുവിദ്യാഭ്യാസ മേഖലയിൽ

രാഷ്ട്രീയകടന്നുകയറ്റം നടത്തി എന്ന് പറയുന്നത് അടിസ്ഥാനരഹിതമാണ്. ഇൻഡ്യൻ ഭരണഘടന അനുശാസിക്കുംവിധത്തിലുള്ള അധികാരം മാത്രമേ വിദ്യാഭ്യാസമേഖലയിൽ പഞ്ചായത്തുകൾക്ക് നൽകാൻ സാധിക്കുകയുള്ളൂ. കൺകറന്റ് ലിസ്റ്റിൽപ്പെട്ട ആക്റ്റിവിറ്റി മാപ്പിങ്ങ് അനുസരിച്ച് വിദ്യാഭ്യാസമേഖലയിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾക്കും പഞ്ചായത്തുകൾക്കുമുള്ള അധികാരം വ്യക്തമാക്കിയിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് വിദ്യാഭ്യാസ മേഖലയിലുള്ള മുഴുവൻ അധികാരങ്ങളും പഞ്ചായത്തുകൾക്ക് നൽകിയിട്ടില്ല. കരിക്കുലം ഫ്രെയിംവർക്കിൽ പഞ്ചായത്തുകൾ അവരുടെ അഭിപ്രായപ്രകടനം നടത്തിയെന്നതുകൊണ്ട് അത് സർക്കാരിന്റെ ചട്ടം ആകുന്നില്ല. പഞ്ചായത്തുകളുടെ അധികാരപരിധിയിൽ വരുന്ന ആക്റ്റിവിറ്റീസ് തിരിച്ചുവാങ്ങാൻ ഉദ്ദേശിക്കുന്നില്ലെന്നുള്ളതാണ് സർക്കാരിന്റെ നിലപാട്. പാഠ്യപദ്ധതി, കലണ്ടർ, സ്കൂൾ പഠന സമയം എന്നിവയെല്ലാം നിശ്ചയിക്കാനുള്ള അധികാരം പഞ്ചായത്തിനെ ഏൽപ്പിച്ചിട്ടില്ല. വിദ്യാഭ്യാസമേഖലയിൽ പഞ്ചായത്തുകൾക്ക് ഏറെ സംഭാവന നൽകാൻ കഴിയുമെന്നതിന് സുവ്യക്തമായ തെളിവാണ് മടിക്കൈ, കരകുളം തുടങ്ങിയ പഞ്ചായത്തുകളുടെ ഈ മേഖലയിലെ പ്രവർത്തനങ്ങൾ. ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

2007-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

**2-ഉം 3-ഉം വകുപ്പുകൾ**

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

**പട്ടിക**

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

**1-ാം വകുപ്പും പീഠികയും പേരും**

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

**ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്):** 2007-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

**നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ.എം.വിജയകുമാർ):** പ്രമേയത്തെ പിന്താങ്ങുന്നു.

2007-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം 31-നെതിരെ 75 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

സഭ വൈകുന്നേരം 4.45-ന് പിരിഞ്ഞു.